www.malankaralibrary.com

# ശാബതു മിഷനെപ്പറ്റി ഒരു സംവാദം

www.malankaralibrary.com

# ശാബത്തു മിഷനെപ്പററി ഒരു സംവാദം

അനുജൻ:—ജ്യേഷ്ഠാ കറങ്ങിയല്ലോ.

ജ്യേഷ്ഠൻ:—എന്താ അനുജനു വല്ല അപകടവും പിണഞ്ഞോ?

അ:—എന്നാൽ പിന്നെയും തരക്കേടില്ലായിരുന്നു. ക്രിസ്ത്യാനികളായ നാമെല്ലാവരും ഇപ്പോഴും ഞായറാഴ്ചയാണല്ലോ ആചരിക്കുന്നതു്. ശനിയാഴ്ചയാചരിക്കണമെന്നല്ലെ ദൈവത്തിന്റെ പത്തു കല്പനയിൽ പറഞ്ഞിരിക്കുന്നതു്. നാമെല്ലാം കല്പനലംഘനമല്ലെ കാണിക്കുന്നതു്. കറങ്ങിയല്ലോ ജ്യേഷ്ഠാ!

ജ്യേ:—"ശാബതിനെ ശുദ്ധീകരിപ്പാൻ ഓർക്കുക" (പു: 20: 8) എന്നു മാത്രമേ ദൈവത്തിന്റെ കല്പനയിലുള്ളു; അതിൽ ശനിയാഴ്ചയുടെ കാര്യം ഒന്നും പറയുന്നില്ലല്ലോ.

അ:—ശാബത്തു എന്നു പറഞ്ഞാൽ അതു ശനിയാഴ്ചയല്ലേ?

ജ്യേ:—ശാബത്തു എന്ന വാക്കിനു് ശനിയാഴ്ച എന്നല്ല അൎത്ഥം. സ്വസ്ഥനാൾ എന്നാണു് അതിന്റെ സാക്ഷാൽ അൎത്ഥം.

അ:—ഇസ്രായേൽക്കാർ ശാബത്തു (സ്വസ്ഥത) അനുഷ്ഠിച്ചുവന്നതു് ശനിയാഴ്ചയല്ലെ? അതിന്റെ പേരല്ലെ ശാബത.

ജ്യേ:—ശാബതനുഷ്ഠിക്കണമെന്നു് കല്പനയുണ്ടായ കാലത്തു് ശനിയാഴ്ചയ്ക്കു് ഏഴാം ദിവസമെന്നും വെള്ളിയാഴ്ചയ്ക്കു് ആറാം ദിവസമെന്നും ആയിരുന്നു പേരു്. എന്നാൽ സ്വസ്ഥതയാകുന്ന ശാബത ആഴ്ചതോറും ഏഴാം ദിവസം മുടങ്ങാതെ അനുഷ്ഠിച്ചുവന്നതിനാൽ കാലാന്തരത്തിൽ ഏഴാം ദിവസത്തിനു് ശാബത്തു എന്നും ആറാം ദിവസത്തിനു് ശാബതിന്റെ ഒരുക്കദിവസമെന്നും യഹൂദന്മാരുടെയിടയിൽ പേരായി എന്നേയുള്ളു.

www.malankaralibrary.com



അ:—ശാബത് എന്ന വാക്കിൻെറ അൎത്ഥം ശനിയാഴ്ചയെന്നല്ലെന്നു പറയുന്നതിന് വേദപുസ്തകത്തിൽ വല്ല തെളിവുമുണ്ടോ?

ജ്യേ:—ഉണ്ടല്ലോ. "ഏഴാം വൎഷം ദേശത്തിന് സ്വസ്ഥതയാകുന്ന ശാബത്തായി യഹോവായ്ക്കു് ശാബത്താചരിക്കണം" (ലേവ്യ 25: 4) ഈ വാക്യത്തിലെ ശാബത് എന്ന വാക്കിന് ശനിയാഴ്ച എന്നല്ല അൎത്ഥം. സ്വസ്ഥതയെന്നാണതിൻെറ അൎത്ഥം. ഭൂമിക്ക് ശനിയും ഞായറുമില്ലല്ലോ. ഇനിയും വേറൊരു വാക്യം കേൾക്കുക. "ഞാൻ നിങ്ങൾക്കു തരുന്ന ദേശത്തു് നിങ്ങൾ പ്രവേശിക്കുമ്പോൾ ആ ദേശം യഹോവായ്ക്കു് ഒരു ശാബത്താചരിക്കണം. (ലേവ്യ: 25: 2) ഇതിൽ പറയുന്ന ശാബതിനും സ്വസ്ഥതയെന്നല്ലാതെ ശനിയാഴ്ച എന്നല്ല അൎത്ഥം. ഇനിയും ലേവ്യ: 26: 34 നോക്കുക: "ദേശം സ്വസ്ഥമായിരുന്നു അതിൻെറ ശാബത്തുകളെ അനുഷ്ഠിക്കും" ഇവിടെയും ശാബത്തു എന്നു പറഞ്ഞിരിക്കുന്നതു് സ്വസ്ഥതയെന്ന അൎത്ഥത്തിലാണു്. അതിനാൽ ശാബത്തു എന്നു പറഞ്ഞാൽ ശനിയാഴ്ചയെന്നല്ല സ്വസ്ഥതയെന്നാണൎത്ഥമെന്നു് ഗ്രഹിക്കാം.

അ:—ദൈവം സ്വസ്ഥമായിരുന്നതു് ഏഴാം ദിവസമായ ശനിയാഴ്ചയാണല്ലോ. ആ സ്ഥിതിക്കു് നമ്മുടെ സ്വസ്ഥദിനവും ശനിയാഴ്ചതന്നെയാചരിക്കുകയല്ലെ നല്ലതു്?

ജ്യേ:—അല്ല. ദൈവം സ്വസ്ഥമായിരുന്നു എന്നു പറഞ്ഞാൽ താൻ ചെയ്തുകൊണ്ടിരുന്ന വേല തീൎത്തു എന്നു ധരിച്ചാൽ മതി; ദൈവം ഇന്നും പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു (യോഹ: 5: 17) എന്നു ക്രിസ്തു പറയുന്നു. മിസ്രേമിൽ നിന്നു ഇസ്രായേലിനെ വിട്ടുവിച്ചു കൊണ്ടുവന്നതിൻെറ സ്മരണയാണു് ശാബത്താചാരത്തിൻെറ വേറൊരു കാരണം (ആവ: 5: 15) അതു യഹൂദന്മാൎക്കു് വളരെ പ്രാധാന്യമുള്ള സംഗതിയായിരുന്നു; എന്നാൽ അതു സാത്താൻെറ അടിമത്വത്തിൽനിന്നു് ക്രിസ്തു മനുഷ്യവൎഗ്ഗത്തെ വിടുവിക്കുന്നതിൻെറ നിഴലായിരുന്നു. ഒരു ക്രിസ്ത്യാനിക്കു് ഞായറാഴ്ചയുടെ പ്രാധാന്യം ശനിയാഴ്ചയെക്കാൾ വളരെ വലുതാണു്. ഞായറാഴ്ച: 1. ക്രിസ്തു ക

www.malankaralibrary.com



ബറിൽനിന്നുയിർത്തെഴുന്നേററ ദിവസം. 2. തിരുസഭയ്ക്കു് പരിശുദ്ധാത്മാവിനെ അയച്ചുതന്ന ദിവസം. 3. ആദ്യമായി മൂവായിരം പേർ ക്രിസ്തീയസ്നാനമേററ ദിവസം. 4. സഭ തുടങ്ങിയ ദിവസം. 5. ആദാമും ഹവ്വായും മററും പാപവിമുക്തരായി സന്തോഷിച്ച ദിവസം. 6. മാലാഖമാർ സ്വർഗ്ഗത്തിൽനിന്നുവന്നു് ക്രിസ്തുവിൻെറ ഉയിർപ്പിനെക്കുറിച്ചു് മനുഷ്യരോടു് അറിയിച്ച ദിവസം. 7. മരിച്ചുപോയ പല വിശുദ്ധന്മാർ ഉയിർത്തെഴുന്നേററ് പലർക്കും കാണപ്പെട്ട ദിവസം. 8 യേശു തൻെറ ആണിപ്പഴുതുകൾ കാണിച്ചു് തോമ്മാശ്ലീഹായേയുംമററും ഉറപ്പിച്ച ദിവസം. 9. ദൈവം പ്രകാശം സൃഷ്ടിച്ച ദിവസം. 10. മരണാനന്തരജീവിതമുണ്ടെന്നു് നമുക്കു് വെളിപ്പെടുത്തി കാണിച്ചുതന്ന ദിവസം. ഇതിൻെറ ഒക്കെ നിഴലായിരുന്നു ശനിയാഴ്ചയാചാരം. സാക്ഷാൽ ശരീരമായ ഞായറാഴ്ചയാചാരം വന്നു കഴിഞ്ഞതിനാൽ ഇനിയും നാം ശനിയാഴ്ചയാചരിക്കേണ്ടതില്ല.

അ: ഒരു നിഴലുണ്ടാകണമെങ്കിൽ അതിനൊരു വസ്തുവോ ശരീരമോ ഏതെങ്കിലുമൊന്നു വേണ്ടയോ?

ജ്യേ: വേണം. ഏതെങ്കിലും ഒരു വസ്തുവോ ശരീരമോ ദിവസമോ ഇല്ലാതെ അവയുടെ നിഴലുണ്ടാകയില്ല. നിഴലിനേയും ശരീരത്തേയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ശരീരത്തിനായിരിക്കും പ്രാധാന്യമുള്ളതു്. നിഴലിനൊന്നുമില്ല. അതു മാതൃക മാത്രമാണു്. അതു അപൂർണ്ണമാണു്, അവ്യക്തവുമാണു്.

അ: ഞായറാഴ്ചയാചാരമാണു് സാക്ഷാൽ ശരീരമെന്നും ശനിയാഴ്ചയാചാരം അതിൻെറ നിഴലാണെന്നും പറയുന്നതിനു് വേദപുസ്തകത്തിൽ തെളിവു വല്ലതുമുണ്ടോ?

ജ്യേ: ഉണ്ടു്. വി. പൌലൂസ് പറഞ്ഞിരിക്കുന്നതു കേൾക്കുക "ഭക്ഷണ പാനീയങ്ങൾ, പെരുനാൾ, വാവു, എന്നിവകളിലും ആരും നിങ്ങളെ കുററപ്പെടുത്താതിരിക്കട്ടെ. ഇവ വരുവാനിരുന്നതിൻെറ നിഴലായിരുന്നു. ശരീരമെന്നതോ ക്രിസ്തുവിൻേറതത്രെ" (കൊലോ: 2: 16–17) ഇതിൽനിന്നും യഹൂദന്മാരുടെ ശനി

www.malankaralibrary.com



യാഴ്ച ശാബതാചാരം ക്രിസ്തുവിൻെറ ഉയിർത്തെഴുന്നേല്പ് ഞായറാഴ്ചയുടെ നിഴലായിരുന്നു എന്നു് വ്യക്തമാകുന്നുണ്ടല്ലോ. യഹൂദമതത്തിലെ ബലിസാധനങ്ങളുടെ ഭക്ഷണ പാനീയങ്ങൾ ക്രിസ്തീയസഭയിലെ വിശുദ്ധ കർബ്ബാനയിലെ ഭക്ഷണ പാനീയങ്ങളുടെ നിഴലും യഹൂദമതത്തിലെ പെരുനാളുകൾ വാവ് മുതലായവ ക്രിസ്തീയസഭയിലെ പെരുനാളുകളുടെ നിഴലും ആണെന്നാണല്ലോ പൌലൂസ് പറഞ്ഞിരിക്കുന്നതു്. സാക്ഷാൽ ശരീരമായ ക്രിസ്തീയസഭയുടെ അനുഷ്ഠാനങ്ങളാണു് കൊലോസ്യർ സ്വീകരിച്ചിരുന്നതു്. ആകയാൽ മററുള്ളവരുടെ കററം പറച്ചിലൊന്നും വകവയ്ക്കേണ്ടയാവശ്യമില്ലെന്നാണു് പൌലൂസ് പറഞ്ഞിരിക്കുന്നതിൻെറ അത്ഥം. നാം വേദപുസ്തകത്തിനനുയോജ്യമായ ജീവിതം നയിക്കാനാണാഗ്രഹിക്കുന്നതെങ്കിൽ ഇനിയും നാം ഞായറാഴ്ചയാചരിച്ചാൽ മതി. ശനിയാഴ്ചയാചാരത്തിന് പോകേണ്ടയാവശ്യമില്ല.

അ: ശാബത്തു ശനിയാഴ്ചയിൽനിന്നു മാററപ്പെട്ടുമെന്നുണ്ടായിരുന്നു എങ്കിൽ ആ വിവരം ദൈവം യഹൂദന്മാരെക്കൂടെ ഒന്നു അറിയിക്കേണ്ടതായിരുന്നില്ലെ?

ജ്യേ: അറിയിച്ചിട്ടുണ്ടല്ലോ. ക്രിസ്തുവിൻെറ വരവ്, മരണം, ഉയിർപ്പു മുതലായവ ആത്മികദർശനംമൂലം മുൻകൂട്ടി കണ്ടിട്ടുള്ള ദീർഘദർശിമാർ യഹൂദന്മാരുടെ ശനിയാഴ്ച ശാബതാചാരം നിത്തലാക്കപ്പെട്ടുപോകുമെന്നു മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. ഹോശെയാ പ്രവാചകൻ പറഞ്ഞിരിക്കുന്നതു കേൾക്കുക. "ഞാൻ അവളുടെ സകല സന്തോഷത്തേയും അവളുടെ പെരുനാളുകളേയും അവളുടെ വാവിനേയും അവളുടെ ശാബത്തു ദിവസങ്ങളേയും അവളുടെ എല്ലാ മുഖ്യ പെരുനാളുകളേയും നിവത്തലാക്കും" (ഹോശെ: 2: 11) ക്രിസ്തീയസഭയുടെ ആവിർഭാവത്തോടുകൂടെ ഇതു നടപ്പിലാകുകയും ചെയ്തു.

അ: ശാബതാചാരം ശനിയാഴ്ചയിൽനിന്നു മാററുന്നതിന് വേറെ വല്ല കാരണവുമുണ്ടോ?

www.malankaralibrary.com



ജ്യേ:—മേലുദ്ധരിച്ച കൊലോസ്യ 2: 16–17 ൽ പറഞ്ഞിരിക്കുന്നതു തക്കതായ കാരണമാണല്ലോ. പോരെങ്കിൽ കേൾക്കുക ന്യായപ്രമാണത്തിന്റെ അനുഷ്ഠാനത്താൽ ഒരു ജഡവും തന്റെ മുമ്പാകെ നീതീകരിക്കപ്പെടുകയില്ല. (റോമാ: 3: 20) "ന്യായപ്രമാണത്താൽ ആരും ദൈവമുമ്പാകെ നീതീകരിക്കപ്പെടുന്നില്ല എന്നതു സ്പഷ്ടം" (ഗലാ: 3:11) "ന്യായപ്രമാണം വാഗ്ദത്തം ലഭിച്ച സന്തതി വരുവോളത്തേക്കുള്ളതും ലംഘനം മൂലം കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥൻ മൂലം നിയോഗിക്കപ്പെട്ടതുമാകുന്നു. (ഗലാ. 3: 19) "ന്യായപ്രമാണം ക്രിസ്തുവിലേക്കു് നമ്മെ നടത്തുന്നതിനുള്ള ശിശുപാലകനായിരുന്നു." (ഗലാ. 3: 24) "പഴയനിയമം കല്പലകകളിൽ എഴുതപ്പെട്ടതാണു. പുതിയ നിയമം ഹൃദയമാകുന്ന മാംസപ്പലകകളിൽ എഴുതപ്പെട്ടതാകുന്നു." (2 കോറ, 3:3) ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനമാകുന്നു. (റോമ: 10: 4) "ഒരുവൻ ക്രിസ്തുവിലായാൽ അവൻ ഒരു പുതിയ സൃഷ്ടിയാകുന്നു. പഴയവ കടന്നുപോയി. കണ്ടാലും അതു പുതുതായി തീർന്നിരിക്കുന്നു" (2 കോറ. 5:17) ഇങ്ങനെയുള്ള പൌലൂസിന്റെ ലേഖനങ്ങൾ പരിശോധിച്ചാൽ പഴയ നിയമപ്രകാരമുള്ള ശനിയാഴ്ചയാചാരവും അതോടുകൂടിയുള്ള യഹൂദമതാനുഷ്ഠാനങ്ങളും മാറിപ്പോകേണ്ടതായിരുന്നു എന്നും ക്രിസ്തീയമുറപ്രകാരമുള്ള ഞായറാഴ്ചയാചാരവും ക്രിസ്തീയ സഭാനടപടികളും നടപ്പിലാകേണ്ടതായിരുന്നു എന്നും വരുന്നു. ഈവക കാരണങ്ങളാൽ ഇനിയും നാം ശനിയാഴ്ചയാചാരം തുടരേണ്ടയാവശ്യമില്ല.

അ:—ശനിയാഴ്ച ശാബത് ആചരിക്കണമെന്നുള്ളതു് ഒരു ശാശ്വത കല്പനയല്ലേ?

ജ്യേ:—അല്ല. ക്രിസ്ത്യാനികൾ ശാബത് ഞായറാഴ്ച അനുഷ്ഠിക്കുന്നുണ്ടല്ലോ. എന്നാൽ അതു ശനിയാഴ്ചതന്നെ ആചരിക്കണമെന്നുണ്ടായിരുന്നതു് ഒരു ശാശ്വത കല്പനയല്ല. ശാശ്വതമെന്നു വേദപുസ്തകത്തിൽ തെളിച്ചു പറഞ്ഞിരിക്കുന്ന കല്പനകളെപ്പോലും അവഗണിച്ചു നടക്കുന്നവർ അങ്ങനെ വാദിക്കുന്നതു് ശരിയാണോ?

www.malankaralibrary.com



അ:—വേദപുസ്തകത്തിൽ ശാശ്വതമായിരിക്കണമെന്നു് പറഞ്ഞിട്ടുള്ള ഏതെങ്കിലും കല്പന ശാബതുമിഷ്യൻകാർ പാലിക്കാതിരിക്കുന്നതായി ഒന്നു കാണിച്ചുതരാമോ?

ജ്യേ:—കാണിച്ചുതരാം. ഗോത്രപിതാവായ അബ്രഹാമിനോടു ദൈവം ഇങ്ങനെ കല്പിച്ചിരിക്കുന്നു "നിന്റെ ഭവനത്തിൽ ജനിച്ചവനും നീ ദ്രവ്യംകൊടുത്തു വാങ്ങിയവനും ചേല ചെയ്യപ്പെട്ടേ മതിയാകൂ. എന്റെ നിയമം നിങ്ങളുടെ മാംസത്തിൽ എന്നേക്കുമുള്ള ശാശ്വത നിയമമായിരിക്കുകയും വേണം" (ഉല്പ: 17: 13) ഈ കല്പന ആരും മാററീട്ടില്ല. മനുഷ്യന്റെ ജീവിതകാലത്തു് വന്നുഭവിക്കാവുന്ന ഏതെങ്കിലും മുറിവുകളാൽ തൊറിധരിക്കപ്പെടാതിരിക്കത്തക്കവണ്ണം കരുതലോടുകൂടെ മനുഷ്യന്റെ ഗോപ്യസ്ഥാനത്തു ഏർപ്പെടുത്തിയിരിക്കുന്ന പരിച്ഛേദനകർമ്മം വേദപുസ്തകപ്രകാരം ജീവിക്കണമെന്നു് പറയുന്ന ശാബതുമിഷ്യൻകാരും മററു നവീന സഭക്കാരും നിരാകരിക്കുന്നതു് ശരിയാണോ? യേശു അതു് വേണ്ടെന്നു കല്പിച്ചിട്ടില്ല. അതിനെ തന്റെ ശരീരത്തിൽ നിറവേററുകയത്രെ ചെയ്തതു്. വി. പൗലൂസും മാററിയില്ല. അപ്പസ്തോല നടപടിയിൽ പറഞ്ഞിരിക്കുന്ന യറുശലേം സുന്നഹദോസും അതിനെ പൂർണ്ണമായി മാററിട്ടില്ല. ആ യറുശലേം സുന്നഹദോസ് കഴിഞ്ഞശേഷമാണല്ലോ വി. പൗലൂസ് തീമോത്തീയോസിനെ പരിച്ഛേദന ചെയ്തതു്. "അവന്റെ അപ്പൻ യവനായനെന്നു് അവിടങ്ങളിലുള്ള യഹൂദന്മാരെല്ലാം അറിഞ്ഞിരുന്നതിനാൽ അവരുടെ നിമിത്തം അവനെ പരിച്ഛേദന ചെയ്തു" (നട: 16:3) എന്നെഴുതിയിരിക്കുന്നു. സാക്ഷാൽ ശരീരമായ ക്രിസ്തീയസഭയിലെ മാമോദീസായുടെ നിഴലായിരുന്ന യഹൂദസഭയിലെ പരിച്ഛേദനകർമ്മം എന്ന കാരണത്താലാണു് കത്തോലിക്കാസഭ പരിച്ഛേദനകർമ്മം മാററിക്കളഞ്ഞതു്. എന്നാൽ യഹൂദസഭ നിഴലായിരുന്ന എന്നതിനെ നിഷേധിക്കുകയും വേദപുസ്തകപ്രകാരം ജീവിക്കണമെങ്കിൽ ശനിയാഴ്ചയാചാരം തുടന്നു നടത്തിക്കൊണ്ടു് പോകണമെന്നു് വാദിക്കുകയും ചെയ്യുന്നവർ എന്നേക്കും ശാശ്വതമായിരിക്കണമെന്നു് പറഞ്ഞുകൊണ്ടു് ദൈവം ഏർപ്പെട്ടു

www.malankaralibrary.com



ത്തിയ പരിച്ഛേദനാചാരം തുടൎന്നു നടത്തിക്കൊണ്ടുപോകേണ്ടതല്ലെ? അതു ചെയ്യാതെ ഞങ്ങൾ വേദപുസ്തകപ്രകാരമാണ് ജീവിക്കുന്ന തെന്നു പറഞ്ഞതുകൊണ്ടു മാത്രം കാൎയ്യമാകയില്ല.

അ:—അതു ശരിയാണല്ലോ. ശാശ്വതമായിരിക്കണമെന്നു പറഞ്ഞുകൊണ്ടാണല്ലോ പരിച്ഛേദനകൎമ്മം നല്കപ്പെട്ടതു്. ഇസ്ലാംമതക്കാർ ഇന്നും ഇക്കാൎയ്യത്തിൽ ക്രിസ്ത്യാനികളെ കുററം പറഞ്ഞുകൊണ്ടിരിക്കുന്നു. ശാബതാചാരത്തിന്റെ യഥാൎത്ഥശരീരമായ ഞായറാഴ്ചയാചാരം സ്വീകരിക്കാതെ അതിന്റെ നിഴലായ ശനിയാഴ്ചയാചാരംതന്നെ തുടൎന്നു നടത്തണമെന്നു ശഠിക്കുന്ന ശാബതുമിഷ്യൻകാർ യഥാൎത്ഥശരീരമായ മാമോദീസായ്ക്കു പകരം അതിന്റെ നിഴലായ പരിച്ഛേദനകൎമ്മംതന്നെ തുടൎന്നു നടത്തിക്കൊണ്ടു പോകേണ്ടതാണല്ലോ. ഒട്ടകത്തെ വിഴുങ്ങുകയും കൊതുകിനെ അരിച്ചെടുക്കുകയും (മത്താ: 23:24) ചെയ്യുന്നതു കുരുടരായ വഴികാട്ടികളാണ്. അപ്പോൾ ഇതൊരു പാഷണ്ഡോപദേശമാണോ?

ജ്യേ:—അതെ, ഇങ്ങനെയുള്ള പാഷണ്ഡോപദേശികളെ മുൻകൂട്ടി കണ്ടിട്ടു അവരെ സൂക്ഷിച്ചുകൊള്ളുവാൻ പറഞ്ഞിരിക്കുന്നു. "കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവീൻ. അവർ ആടുകളുടെ വേഷംധരിച്ചു് നിങ്ങളുടെ അടുക്കൽ വരും. അവർ അകമെ ബുഭുക്ഷയുള്ള ചെന്നായ്ക്കളാകുന്നു" (മത്താ: 7:15) എന്നു ക്രിസ്തുവും "തത്വജ്ഞാനവും വെറും വഞ്ചനയുംകൊണ്ടു് ആരും നിങ്ങളെ കവൎന്നുകളയാതിരിപ്പാൻ നോക്കുവീൻ. അതു മനുഷ്യരുടെ സമ്പ്രദായത്തിനൊത്തവണ്ണവും ലോകത്തിന്റെ ആദ്യപാഠങ്ങൾക്കു് ഒത്തവണ്ണവും അല്ലാതെ ക്രിസ്തുവിനൊത്തവണ്ണമല്ല. (കൊലൊ: 2:8) സഹോദരന്മാരെ നിങ്ങൾ പഠിച്ച ഉപദേശത്തിനു് വിപരീതമായി ഭിന്നപക്ഷങ്ങളേയും ഇടൎച്ചകളേയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളണമെന്നു് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടകന്നു മാറുവീൻ. (റോമാ: 16:17) ഇക്കൂട്ടത്തിലുള്ളവർ പെണ്ണുങ്ങളെ അടിമയാക്കുന്നവരാകുന്നു. (2 തീമോ: 3:7) എന്നു് പൗലൂസും പറഞ്ഞിരിക്കുന്നു.

www.malankaralibrary.com



അ:—ശാബതാചാരത്തിനു എന്തെല്ലാം ചട്ടങ്ങളാണു് യഹൂദന്മാർ ഏർപ്പെടുത്തിയിരുന്നതെന്നു് പറയാമോ?

ജ്യേ:—പറയാം. (1) ശാബത്തു ശനിയാഴ്ചയാചരിക്കണം (പുറ: 20:10)

(2) ശാബതുദിവസം ഭക്ഷണം പാകം ചെയ്യരുതു്

(3) ശാബതിൽ മന്നാ പെറുക്കരുതു് (പുറ: 16: 29)

(4) ശാബതിൽ നിലം ഉഴുകയോ കൊയ്യുകയോ ചെയ്യരുതു് (പുറ: 34: 21)

(5) ശാബതിൽ അടുപ്പിൽ തീ കത്തിക്കരുതു്. (പുറ: 35: 3)

(6) ശാബതിൽ വിറകു പെറുക്കരുതു്. (സംഖ്യ: 15: 32–36)

(7) ശാബതിൽ ചുമടു ചുമക്കാൻ പാടില്ല. (നഹേ: 13: 19)

(8) ശാബതിൽ മുന്തിരിപ്പഴം വാഹനത്തിൽ കയറ്റുകയോ കൊണ്ടുവരികയോ വിഴിയുകയോ ചെയ്യരുതു്. (നഹേ: 13: 15–19)

(9) ശാബതിൽ കച്ചവടം ചെയ്യരുതു്. (നഹേ: 10: 31)

(10) ശാബതിൽ 2000 മുഴത്തിൽ കൂടുതൽ ദൂരം നടക്കുവാൻ പാടില്ല. (നട: 1: 12)

(11) ശാബതാചാരനിയമം തെറ്റിക്കുന്നവരെ കല്ലെറിഞ്ഞു കൊല്ലണം. (പുറ: 31: 14–15) (സംഖ്യ: 15: 32–35)

(12) ശാബതിൽ ദേവാലയത്തിൽ പഴയ മേശയപ്പം മാററി പുതിയ മേശയപ്പം വയ്ക്കണം. (ലേവി: 24: 8–9)

(13) ശാബതിലേക്കു് ആവശ്യമുള്ളതു് വെള്ളിയാഴ്ച ഒരുക്കിവച്ചു കൊള്ളണം. (പുറ: 16: 23)

(14) ശാബതിൽ ജനമെല്ലാം വിശുദ്ധസ്ഥലത്തു ഒരുമിച്ചുകൂടി ദൈവാരാധന നടത്തണം. (ലേവ്യ: 23: 2–3) (യെഹസക്കി: 46: 3) (സംഖ്യ: 28: 25)

ഇങ്ങനെ വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ള കല്പനകൾ ആചരിക്കുന്നതിനുള്ള വിധങ്ങൾ വിശദമാക്കുന്ന 39 നടപടികൾ യഹൂദന്മാരുടെ മിസ്നായിൽ കൊടുത്തിട്ടുണ്ടു്. അതനുസരിച്ചു ശാബതിൽ എണ്ണതേച്ചു് കുളിക്കുന്നതു് വേലയായി കണക്കാക്കപ്പെട്ടു.

www.malankaralibrary.com



എഴുത്തെഴുതുന്നതും വേലയാണ്. പോക്കറ്റിൽ വല്ലതും കൊണ്ടുനടന്നാൽ അതു ചുമടു ചുമക്കുന്നതിനു തുല്യമാണ്. തല ചീകാൻ പാടില്ല. അതും വേലയാണ്. ഒരു കതിരുപറിച്ചു കയ്യിലിട്ടുരുമ്മിയാൽ അതു കൊയ്തുമെതിച്ചതിനു സമമാണ്. അങ്ങനെ പോകുന്നു അതിന്റെ വിശദീകരണം. യഹൂദന്മാ്രിയമപ്രകാരം ശാബതാചരിക്കുമ്പോൾ ഇതെല്ലാം പാലിക്കണം. ഒന്നും അവഗണിക്കാൻ പാടില്ല.

എന്നാൽ പുരോഹിതന്മാർ ദൈവാലയത്തിൽവച്ച് ഈ നിയമങ്ങൾ ലംഘിച്ചാൽ അതു് തൊറ്റല്ല. ദൈവാലയത്തിൽവച്ച് വിറകു കീറിയാൽ അതു കുറ്റമല്ലെന്നായിരുന്നു നിയമം. ഇതെല്ലാം കണ്ടിട്ട് യേശു പറയുന്നു "വൈദികരായ നിങ്ങൾക്ക് ഹാ കഷ്ടം! എന്തെന്നാൽ എടുപ്പാനാവാത്ത ചുമടുകൾ കെട്ടി നിങ്ങൾ മനുഷ്യരെക്കൊണ്ടു ചുമപ്പിക്കുന്നു. നിങ്ങളുടെ ഒരു വിരൽകൊണ്ടു് അതിനെ ഒന്നു തൊടുന്നതിനുപോലും നിങ്ങൾക്കു മനസ്സില്ല." (ലൂക്കോ: 11: 46) (മത്താ: 23: 4) ഈ ശനിയാഴ്ചയാചാരം ക്രിസ്തീയസഭ മാററിക്കളഞ്ഞതു എത്രയോ നന്നായി.

അ:—ശനിയാഴ്ചയാചാരം തുടങ്ങിയതു് ആദാമിന്റെ കാലത്താണെന്നു് ശാബതു മിഷൻകാർ പറയുന്നതു ശരിയാണോ?

ജ്യേ:—ശരിയല്ല. ഉല്പത്തി പുസ്തകത്തിൽ ഏഴാംദിവസം ദൈവം സ്വസ്ഥമായിരുന്നു (ഉല്പ: 2: 3) എന്നു പറയുന്നതല്ലാതെ ആ ദിവസം ശാബതാചരിക്കണമെന്നു് ദൈവം കല്പിച്ചതായി പറയുന്നില്ല. അതിനാൽ ശാബതുമിഷൻ കാരുടെ ആ ഉപദേശം അടിസ്ഥാനരഹിതമാണ്.

അ:—ദൈവം ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുന്ന കാലത്തു് പുത്രൻ തമ്പുരാനും കൂടെയുണ്ടായിരുന്നതിനാൽ ശനിയാഴ്ചയാചാരം ഏർപ്പെടുത്തിയതു് ക്രിസ്തുവുംകൂടെയാണെന്നു് കരുതരുതോ?

ജ്യേ:—അങ്ങനെ കരുതുന്നതിനു് വിരോധമില്ല. എന്നാൽ മനുഷ്യനെ സ്വതന്ത്രനായി സൃഷ്ടിച്ചാൽ അവൻ പാപത്തിൽ വീണു

www.malankaralibrary.com



പോയേക്കുമെന്നും അപ്പോൾ ആദ്യമായി നിഴലായ ന്യായപ്രമാണം കൊടുക്കേണ്ടിവരുമെന്നും പിന്നീട് ക്രിസ്തു മനുഷ്യാവതാരം ചെയ്ത് മനുഷ്യർക്ക് രക്ഷ കൊടുക്കുകയും നിഴലായ ന്യായപ്രമാണത്തിന് പകരം അതിന്റെ ശരീരമായ പുതിയനിയമം ഏർപ്പെടുത്തുകയും മനുഷ്യനെ പുനരുദ്ധരിക്കുകയും ചെയ്യേണ്ടിവരുമെന്നും അവസാനം ഒരു ന്യായവിധി നടത്തി ഉത്തമന്മാരെ സ്വർഗ്ഗത്തിലേക്കും അധമന്മാരെ നരകത്തിലേക്കും അയക്കേണ്ടിവരുമെന്നും എല്ലാം മുൻകൂട്ടികണ്ടുകൊണ്ടും അതിനുള്ള സകലവും ചെയ്യാമെന്ന് കരുതികൊണ്ടും ആണ് ദൈവം ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതെന്നുംകൂടെ ഓർത്തിരിക്കേണ്ടതാണ്.

അ:—ക്രിസ്തീയനിയമം വരുമ്പോൾ യഹൂദനിയമം മാറിക്കൊടുക്കത്തക്കവണ്ണം വല്ല പോരായ്മയും അതിനുണ്ടായിരുന്നുവോ?

ജ്യേ:—ഉണ്ടായിരുന്നു. അതറിയണമെങ്കിൽ പൌലൂസിന്റെ ലേഖനങ്ങൾ മനസ്സിരുത്തി വായിക്കണം. അദ്ദേഹം പറയുന്നതു കേൾക്കുക. “ഒന്നാമത്തെ നിയമം കുററമില്ലാത്തതായിരുന്നു എങ്കിൽ രണ്ടാമത്തേതിന്റെ ആവശ്യം ഉണ്ടാകയില്ലായിരുന്നു.” എബ്രാ: 8: 7) “രണ്ടാമത്തേതിനെ സ്ഥാപിപ്പാനായി താൻ ഒന്നാമത്തേതിനെ നീക്കിക്കളഞ്ഞു” (എബ്രാ: 10: 9) “ലേവ്യപൌരോഹിത്യം അപൂർണ്ണമായിരുന്നു. അതു മാറി മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള വേറൊരു പൌരോഹിത്യം വരേണ്ടതാവശ്യമായിന്നു എങ്കിൽ, ന്യായപ്രമാണത്തിനുകൂടെയും മാററം വരേണ്ടതാവശ്യമായിരുന്നു. (എബ്രാ: 7: 11–12) ക്രിസ്തീയസഭ വരേണ്ടതാവശ്യമായിരുന്നു എങ്കിൽ യഹൂദസഭയും അതിന്റെ ആചാരാനുഷ്ഠാനങ്ങളും മുഴുവനായി മാറേണ്ടതായിരുന്നു എന്നല്ലേയോ ഇതിൽനിന്നു ഗ്രഹിക്കേണ്ടതു്.

അ:—ശാബത്തു മനുഷ്യനുവേണ്ടിയുള്ളതാണെന്ന് യേശു പറയുന്നതിൽനിന്നും ശനിയാഴ്ച ശാബതാചാരം യഹൂദന്മാർക്ക് മാത്രമായുള്ളതല്ല മനുഷ്യർക്കെല്ലാവർക്കുംവേണ്ടിയുള്ളതാണെന്ന് വരുന്നില്ലേയോ?

www.malankaralibrary.com



ജ്യേ:—ഏതെങ്കിലും ഒരു വേദവാക്യം നാം എടുത്തു വ്യാഖ്യാനിക്കുമ്പോഠം അതു മുഴുവനായി എടുത്തു വ്യാഖ്യാനിക്കണം. പകുതി കളഞ്ഞിട്ടു പകുതിമാത്രമെടുത്തു വ്യാഖ്യാനിക്കുന്നതു് മനുഷ്യരെ തെററിധരിപ്പിക്കുന്നതാണ്. അതു യോഗ്യമല്ല. ആ വാക്യം മുഴുവനായി ഞാൻ ഉദ്ധരിക്കാം "ശാബതു മനുഷ്യൻ നിമിത്തമുണ്ടായി. മനുഷ്യൻ ശാബതുനിമിത്തമായിട്ടല്ല. അതിനാൽ മനുഷ്യപുത്രൻ ശാബതിനും കത്താവാകുന്നു. (മർക്കോ: 2: 27) ഈ വാക്യത്തിൽ ശാബതു് (സ്വസ്ഥത) ൻെറ കാര്യമല്ലാതെ ശനിയാഴ്ചയുടെ കാര്യമൊന്നും പറയുന്നില്ല. ഇതിൽനിന്നും മനുഷ്യൻ ശനിയാഴ്ചയാചാരത്തിൻെറ അടിമയല്ല എന്നുവരുന്നു. എന്നാൽ സ്വസ്ഥത അതായതു് ശാബതു് എല്ലാവർക്കും ആവശ്യമാണ്. അതു ഏതു ദിവസം വേണമെന്നു് നിശ്ചയിക്കുവാനും തനിക്കധികാരമുണ്ടു് എന്നാണു് യേശു പറഞ്ഞതിൻെറ അത്ഥം.

അ:—ക്രിസ്തു ശാബതാചാരം ശനിയാഴ്ചയിൽനിന്നു് ഞായറാഴ്ചയ്ക്കു് മാററീട്ടുണ്ടോ?

ജ്യേ:—ശാബതാചാരം ശനിയാഴ്ചയിൽനിന്നു ഞായറാഴ്ചയ്ക്കു് മാററണമെന്നു് ക്രിസ്തു പറയുവാൻ കാലമായിരുന്നില്ല. എന്തെന്നാൽ ഞായറാഴ്ചയുടെ പ്രാധാന്യം ക്രിസ്തുവിൻെറ ഉയിർത്തെഴുന്നേല്പിൻെറയും, തൻെറ സഭാശരീരത്തിന്മേലുള്ള പരസ്യമായ പരിശുദ്ധാത്മാധിവാസത്തിൻെറയും ഫലമായുണ്ടാകേണ്ടതായിരുന്നു. തൻെറ മരണത്തിനുമുമ്പു് അതു പറഞ്ഞാൽ ആക്കും മനസ്സിലാകുമായിരുന്നില്ല. അതിനാൽ ക്രിസ്തു പ്രസ്പഷ്ടമായി അതു പറയാതിരുന്നിട്ടുള്ളതാണ്. അദ്ദേഹം പറഞ്ഞിരിക്കുന്നതു കേഠക്കുക. "ഇനിയും വളരെ കാര്യങ്ങഠം എനിക്കു് നിങ്ങളോടു പറയുവാനുണ്ടു്. എന്നാൽ നിങ്ങഠക്കു് ഇപ്പോഠം അതു ഗ്രഹിപ്പാൻ കഴിയുകയില്ല. എങ്കിലും സത്യത്തിൻെറ ആത്മാവു് വരുമ്പോഠം അവൻ നിങ്ങളെ സകല സത്യത്തിലും നടത്തും.......അവൻ എനിക്കുള്ളതിൽ നിന്നെടുത്തു നിങ്ങളെ അറിയിക്കും" (യോഹ: 16: 12–13) ശാബതിൽ യേശു

www.malankaralibrary.com



രോഗികളെ സൗഖ്യമാക്കിയതുപോലും തെറ്റാണെന്നു പറഞ്ഞു് തന്നെ കൊല്ലുവാൻ നിശ്ചയിച്ച ജനങ്ങളോടു് ശനിയാഴ്ചയാചാരം മാററി ഞായറാഴ്ചയാചാരമേർപ്പെടുത്തണമെന്നു് പറഞ്ഞാൽ അതു ഗ്രഹിക്കുവാനുള്ള ശേഷി അവർക്കില്ലെന്നു യേശു മനസ്സിലാക്കിയിരുന്നതിനാൽ അതു പറയാതിരുന്നിട്ടുള്ളതാണു്.

ദുഃഖവെള്ളിയാഴ്ചത്തെ ക്രിസ്തുവിന്റെ മരണംമൂലം പിറേറ ദിവസത്തെ ശാബത് യഹൂദമേധാവികൾക്കെല്ലാം വളരെ ആഹ്ളാദകരവും ക്രിസ്തുവിന്റെ അനുയായികൾക്കു് എല്ലാം ആ ദിവസം ഏററം ദുഃഖകരവുമായിരുന്നു. ഞായറാഴ്ച വെളുത്തപ്പോൾ കാററു് തിരിച്ചടിച്ചു. യഹൂദമേധാവികൾക്കെല്ലാം നൈരാശ്യവും വേവലാധിയുമായി. എന്നാൽ യേശുവിന്റെ അനുയായികൾക്കു് സന്തോഷവും സമാധാനവുമുണ്ടായി. ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനമാകുന്നു. (റോ: 10: 4) ആകയാൽ യേശുവിനെ കബറിലടച്ചതോടുകൂടെ ശനിയാഴ്ചയാചാരത്തേയും നിത്യ സ്വസ്ഥതയിലേക്കു് പ്രവേശിപ്പിച്ചു എന്നു പറയാം. ആ ശനിയാഴ്ച തങ്ങളുടെ ശത്രുക്കളോടൊരുമിച്ചു ശാബതാചരിക്കണമെന്നും ഞായറാഴ്ചയ്ക്കു് യാതൊരു പ്രാധാന്യവും കൊടുക്കരുതെന്നും ആദിമക്രിസ്ത്യാനികളോടു പറയുവാൻ ആർക്കും അന്നു മനസ്സു വന്നിരുന്നില്ല. ഇതെല്ലാം സംഭവിച്ചുകഴിഞ്ഞാൽ ശനിയാഴ്ചയാചാരം അതിന്റെ നിയമങ്ങളോടുകൂടെ താനെ പോയിമറഞ്ഞുകൊള്ളുമെന്നും ഞായറാഴ്ചയാചാരം തന്റെ അനുയായികളനുവർത്തിച്ചുകൊള്ളുമെന്നും യേശുവിനറിയാമായിരുന്നു. അതിനാൽ ശനിയാഴ്ചയാചാരം മാററണമെന്നു പറയാതിരുന്നിട്ടുള്ളതാണു്.

അ:—ക്രിസ്തീയസഭയ്ക്കു് അങ്ങനെ ശാബതു് ശനിയാഴ്ചയിൽനിന്നു് മാററി ഞായറാഴ്ചയാക്കുവാനധികാരമുണ്ടോ?

ജ്യേ:—ഉണ്ടു്. സഭയോടു് ക്രിസ്തു പറഞ്ഞിരിക്കുന്നതു കേൾക്കുക. "ആകാശത്തിലും ഭൂമിയിലും സകല അധികാരവും എന്റെ പിതാവു് എനിക്കു തന്നിരിക്കുന്നു. ആ അധികാരത്തിൽ ഞാൻ

www.malankaralibrary.com



നിങ്ങളെ അയക്കുന്നു." (മത്താ: 28: 18) നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു." (മത്താ: 10: 40) ഞാൻ അയക്കുന്ന ഏവനെ എങ്കിലും കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു" (യോഹ: 13: 20) ക്രിസ്തുവിൻെറ ഈ വചനങ്ങളിൽനിന്നും ശാബതാചാരം ശനിയാഴ്ചയിൽനിന്നും ഞായറാഴ്ചയ്ക്കു മാററുവാൻ സഭയ്ക്കു് ക്രിസ്തു പൂൎണ്ണമായ അധികാരം കൊടുത്തിട്ടുണ്ടെന്നു് ഗ്രഹിക്കാവുന്നതാണു്.

അ:—യഹൂദന്മാരുടെ ശാബതാചാരത്തെ യേശു കുററം പറയുകയോ ക്രിസ്ത്യാനികൾക്കു് ശനിയാഴ്ചയാചാരം ആവശ്യമില്ലെന്നു് പറയുകയോ ചെയ്തിട്ടുണ്ടോ?

ജ്യ:—ഇല്ലെന്നില്ല. യേശുവിൻെറ ശിഷ്യന്മാർ ശാബതിൻെറ ചട്ടങ്ങൾ പാലിക്കുന്നില്ലെന്നു് യഹൂദന്മാർ കുററം പറഞ്ഞപ്പോൾ യേശു സ്വശിഷ്യന്മാരെ നീതീകരിച്ചുകൊണ്ടും മററവരെ ശാസിച്ചുകൊണ്ടും സംസാരിച്ചു. "ശാബതുനാളിൽ പുരോഹിതന്മാർ ദേവാലയത്തിൽവച്ചു് സ്വസ്ഥനാളിനെ ലംഘിച്ചാലും കുററമില്ലാത്തവരായിരിക്കും എന്നു് ന്യായപ്രമാണത്തിൽ നിങ്ങൾ വായിച്ചിട്ടില്ലയോ. എന്നാൽ ദേവാലയത്തെക്കാൾ വലിയവൻ ഇവിടെയുണ്ടു്" (മത്താ: 12: 5–6) ശനിയാഴ്ച വേല ചെയ്യരുതെന്നുള്ള യഹൂദനിയമം യഹൂദദേവാലയത്തിൽ പാലിക്കേണ്ടയാവശ്യമില്ലാതിരിക്കെ ദേവാലയത്തെക്കാൾ വലിയവനായ ക്രിസ്തു ഇരിക്കുന്ന ക്രിസ്തീയസഭയിൽ ആ നിയമം ഒരിക്കലും പാലിക്കേണ്ടയാവശ്യമില്ലെന്നു് ക്രിസ്തു പഠിപ്പിക്കുന്നതായി ഇതിൽനിന്നും വ്യക്തമാകുന്നുണ്ടു്.

വേറൊരു ശാബതിൽ അവരുടെ പള്ളിയിൽവച്ചു് പതിനെട്ടു വൎഷത്തോളം കൂനിയായിരുന്ന ഒരു സ്ത്രീയെകണ്ടു, ക്രിസ്തു അവളെ സൌഖ്യമാക്കി. പള്ളിപ്രമാണി അതു കണ്ടപ്പോൾ ജനത്തോടു പറഞ്ഞു "വേല ചെയ്യുവാൻ ആറു ദിവസമുണ്ടല്ലോ ശാബതിൽ സുഖ

www.malankaralibrary.com



പ്പെടാൻ വരരുത്" (ലൂക്കോ: 13: 14) ഇതുണ്ടാകുമെന്ന് യേശുവി നറിയാമായിരുന്നു. യേശു അയാളെ കപടഭക്തനെന്നു വിളിച്ചു. ശാബതിൽ നിങ്ങൾ വെള്ളംകോരി കാളയ്ക്കും കഴുതയ്ക്കും കൊടുക്കു ന്നുണ്ടല്ലോ. പതിനെട്ടു വർഷമായി നിവരുവാൻ നിവൃത്തിയില്ലാ തെയിരുന്ന ഇവളെ ശാബതിൽ സുഖപ്പെടുത്തിയതു തെറ്റാണോ എന്നു ചോദിച്ചു. അങ്ങനെ ശനിയാഴ്ച യാതൊരു വേലയും ചെ യ്യരുതെന്നുള്ള യഹൂദന്മാരുടെ നിഷ്കർഷ ഒരനാവശ്യമാണെന്ന് യേശു കാണിച്ചു.

വേറൊരു ശാബതിൽ ഒരു പ്രീശൻെറ ഭവനത്തിൽവച്ച് മ ഹോദരമുള്ള ഒരുവനെ കണ്ടുകൊണ്ട് ശാബതുദിവസത്തിൽ ഇവ നെ സൗഖ്യമാക്കുന്നതു് ശരിയോ തെറ്റോ എന്ന് പ്രീശന്മാരോടും വൈദികരോടുമായി ചോദിച്ചു. അവർ മൗനം ദീക്ഷിച്ചു. അ പ്പോൾ ശനിയാഴ്ച വേല ചെയ്യരുതെന്നുള്ള അവരുടെ നടപടിയെ ലംഘിച്ചു പ്രവർത്തിച്ചു. അനന്തരം അവരോടു നിങ്ങളുടെ കാള യോ കഴുതയോ കിണററിൽ വീണാൽ പിടിച്ചു കയററുകയില്ലയോ എന്നു ചോദിച്ചു (ലൂക്കോ: 14: 1-5) ശനിയാഴ്ച സൽപ്രവൃത്തികൾ പോലും ചെയ്തുകൂടെന്നുള്ള യഹൂദമതനിയമം തെററാണെന്ന് യേശു കാണിച്ചുകൊടുത്തു. ഇതിൻെറ ഫലമായി യഹൂദന്മാർ യേശുവി നെ കൊല്ലണമെന്ന് ആലോചനയായി. യേശു അതറിഞ്ഞു. "എൻെറ പിതാവ് എപ്പോഴും പ്രവർത്തിക്കുന്നു. ഞാനും പ്രവർത്തി ക്കുന്നു" എന്നു പറഞ്ഞു. യേശു ശാബതിനെ ലംഘിച്ചതുകൊണ്ടും ദൈവം തൻെറ പിതാവാണെന്നു പറഞ്ഞ് തന്നെത്താൻ ദൈവത്തോ ടു സമനാക്കിയതുകൊണ്ടും യഹൂദന്മാർ തന്നെ കൊല്ലാനാലോചിച്ചു. (യോഹ: 5: 17-18) എന്നെഴുതിയിരിക്കുന്നു.

വേറൊരിക്കൽ കർത്താവ് യഹൂദന്മാരോടു പറഞ്ഞു നിങ്ങൾ ശാബതിൽ പരിഛേദനകർമ്മം നടത്തുന്നല്ലോ. ഞാൻ ശാബ തിൽ ഒരുവനെ മുഴുവനായി സുഖപ്പെടുത്തുന്നതിനെ നിങ്ങൾ കു റ്റം വിധിക്കുന്നതെന്തു്? നിങ്ങൾ പുറം നോക്കി വിധിക്കാതെ

www.malankaralibrary.com



നീതിയുള്ള വിധി വിധിപ്പിൻ എന്നു പറഞ്ഞു. (യോഹ: 7: 22-24) ഇതിൽ നിന്നെല്ലാം യഹൂദന്മാരുടെ ശനിയാഴ്ചയാചാരം യേശു നിവൎത്തിക്കുമെന്നും തന്റെ അനുയായികൾക്കതു് ആവശ്യമില്ലെന്നും യേശു ഉപദേശിക്കുന്നതായി ഗ്രഹിക്കാവുന്നതാണു്.

അ:—ക്രിസ്തുവിന്റെ ഈ നിർദ്ദേശപ്രകാരം ആദിമക്രിസ്ത്യാനികൾ ശനിയാഴ്ചയാചാരം മാററി പകരം ഞായറാഴ്ച ശാബതുദിവസമായി ആചരിച്ചിരുന്ന എന്നു് കാണിപ്പാൻ വേദപുസ്തകത്തിൽ രേഖ വല്ലതുമുണ്ടോ?

ജ്യേ:—ഉണ്ടു്. പറയാം. ത്രോവാസിയിലെ ക്രിസ്ത്യാനികൾ ഞായറാഴ്ച ഒരുമിച്ചു കൂടുകയും വിശുദ്ധ കർബാനയിൽ സംബന്ധിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ ഒരുമിച്ചുകൂടിയ ഒരു ഞായറാഴ്ച വി. പൌലൂസ് അവിടെ പ്രസംഗിക്കുകയും ചെയ്തു. "ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ ഒരുമിച്ചു കൂടിയപ്പോൾ പൌലൂസ് അവരോടു പ്രസംഗിച്ചു" (നട: 20: 7) എന്നു നാം വായിക്കുന്നുണ്ടല്ലോ.

ഗലാത്തിയാസഭയിൽ ചിലർ ശനിയാഴ്ചകൂടെ ആചരിക്കണമെന്നു് പറഞ്ഞപ്പോൾ അതിനെ ശാസിച്ചുകൊണ്ടു് വി. പൌലൂസ് അവരുടെ പേർക്കിങ്ങനെ എഴുതി. "ദൈവത്തെ അറിഞ്ഞും വിശേഷിച്ച് ദൈവത്താൽ അറിയപ്പെട്ടുമിരിക്കുന്ന നിങ്ങൾ പിന്നെയും ബലഹീനവും ദരിദ്രവുമായ ആദിപാഠങ്ങളിലേക്കു് പിൻതിരിഞ്ഞു അവയ്ക്കു് പിന്നെയും പുതുതായി അടിമപ്പെട്ടുവാൻ ഇച്ഛിക്കുന്നതെന്തിനു്? നിങ്ങൾ ദിവസങ്ങളെയും മാസങ്ങളെയും സമയങ്ങളെയും ആണ്ടുകളെയും ആചരിക്കുന്നു. (ഗലാ: 4: 9-10)

കോറന്തിയാസഭയിലെ ക്രിസ്ത്യാനികൾ ഞായറാഴ്ചതോറും ഒരുമിച്ചുകൂടി അതിനെ ശുദ്ധദിനമായി ആചരിച്ചുവന്നിരുന്നു എന്നു് പൌലൂസ് അവർക്കെഴുതിയ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു. "നിങ്ങൾ ഓരോരുത്തനും കഴിവുള്ളതിനെ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾതോറും ശേഖരിച്ചുവച്ചുകൊള്ളണം. ഞാൻ വരുമ്പോൾ

www.malankaralibrary.com



ആയിക്കൊള്ളാമെന്നു് കരുതിയിരിക്കരുതു് (1 കോറ: 16: 1–2) ഇവിടെ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾതോറും എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു് അവർ എല്ലാ ഞായറാഴ്ചയും മുടക്കം കൂടാതെ ദൈവാരാധനക്കായി ഒരുമിച്ചുകൂടുക പതിവായിരുന്നു എന്നു ഗ്രഹിക്കാം.

അതുപോലെതന്നെ യോഹന്നാൻശ്ലീഹാ വെളിവാടു ദർശിക്കുവാനാത്മാവിലായതും ഒരു ഞായറാഴ്ചയായിരുന്നു. (വെളി: 1: 10) അന്നു ഞായറാഴ്ചയെ എല്ലാവരും പ്രാർത്ഥിപ്പാനുള്ള ദിവസമായി ഉപയോഗിച്ചിരുന്നു എന്നതിനു് ഇത്രയും രേഖകൾ വേദപുസ്തകത്തിൽ തന്നെയുണ്ടു്. ഇതിൽ നിന്നെല്ലാം ഞായറാഴ്ചയാചാരം ശ്ലീഹന്മാരുടെ കാലത്തുതന്നെ തുടങ്ങിയതാണു് എന്നു തെളിയുന്നു.

അ:—അഞ്ചാം നൂററാണ്ടിലെ സുന്നഹദോസിൽ വച്ചാണു് കത്തോലിക്കാസഭ ശനിയാഴ്ചയാചാരം നിറുത്തി ഞായറാഴ്ചയാചാരം തുടങ്ങിയതെന്നു് ചില കത്തോലിക്കാചരിത്രകാരന്മാർ എഴുതിയിരിക്കുന്നതായി ശാബത്തു മിഷൻകാർ പറയുന്നതു ശരിയാണോ?

ജ്യേ:—ശരിയല്ല. ആ സുന്നഹദോസിനെ അവർ തെററിധരിച്ചിരിക്കുകയാണു്. ഞായറാഴ്ച ആചരിക്കുന്ന അപ്പസ്തോല കാലത്തെ നടപടി എല്ലാവരും ശരിയായി പാലിക്കണമെന്നു് ആ കൗൺസിലിൽ ഒന്നൊട്ടുത്തു പറഞ്ഞു എന്നേയുള്ളു. ശനിയാഴ്ചയ്ക്കു് പകരം ഞായറാഴ്ച ആചരിച്ചു തുടങ്ങിയതു് അന്നല്ല. വി. അഗസ്തീനോസ് നാലാം നൂററാണ്ടിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. "അപ്പോസ്തലന്മാരും അവരുടെ കാലത്തു ജീവിച്ചിരുന്ന ക്രിസ്ത്യാനികളും ദൈവാരാധന നടത്തേണ്ട ദിവസം ശനിയാഴ്ചയല്ല ഞായറാഴ്ചയാണു് എന്നു് തീരുമാനിച്ചതാണു്." അഗസ്തീനോസിന്റെ ഈ എഴുത്തിനു് ഇരുന്നൂറുവർഷംമുമ്പു് തർത്തുല്യൻ ഇങ്ങനെ എഴുതിയിരിക്കുന്നു "പാരമ്പര്യം നമ്മെ പഠിപ്പിക്കുന്നതുപോലെ ആരാധനയ്ക്കു് ക്രിസ്തുവിന്റെ ഉയിർപ്പുദിവസം ഉപയോഗിച്ചുവരുന്നു." ഇതിനൊക്കെയും വളരെമുമ്പു് എ. ഡി. 167–ൽ മരിച്ച വി. ജസ്റ്റിൻ ഇങ്ങ

www.malankaralibrary.com


നെ രേഖപ്പെടുത്തിയിരിക്കുന്നു. "ഞങ്ങൾ കർത്താവിൻെറ അത്താഴം അനുഷ്ഠിപ്പാൻ ഞായറാഴ്ച ഒരുമിച്ചുകൂടുന്നു. അപ്പോൾ സുവിശേഷം വായിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. ഒന്നാം ദിവസമാണല്ലോ ദൈവം അന്ധകാരം നീക്കി ഭൂമിയെ പ്രകാശിപ്പിച്ചതു്. അതേ ദിവസത്തിൽതന്നെ യേശു മരിച്ചവരിൽനിന്നുയിർക്കുകയും ചെയ്തു." ഇതിനെല്ലാം മുമ്പായി 107-ൽ വി. ഇഗ്നാത്തിയോസ് ഇങ്ങനെ എഴുതിയിരിക്കുന്നു. "നാം ഇനിയും യഹൂദന്മാരുടെ ആചാരവുംകൊണ്ടിരുന്നാൽ നാം ക്രിസ്തുവിൻെറ കൃപയെ കൈക്കൊള്ളുന്നില്ലെന്നു് തള്ളിപ്പറയുന്നതായി വരും. പഴയ നിയമമനുസരിച്ചൊരുകാലത്തു ജീവിച്ചിരുന്നവർ ഇപ്പോൾ പുതിയ പ്രത്യാശയിലേക്കു് വന്നിരിക്കുന്നു. ആകയാൽ യഹൂദന്മാരുടെ ശനിയാഴ്ചയാചരമിനിയും ആരും പിൻതുടരേണ്ടയാവശ്യമില്ല. നമ്മുടെ കർത്താവു് മരിച്ചവരിൽ നിന്നുയിർത്തെഴുന്നേററ ഞായറാഴ്ചയാചരിച്ചാൽ മതി." ഇങ്ങനെ ചരിത്രം നോക്കിയാലും ഞായറാഴ്ചയാചാരം* അപ്പോസ്തലകാലം മുതലുള്ളതാണെന്നു് കാണാവുന്നതാണു്. അന്നു് കത്തോലിക്കാസഭമാത്രമേ ഉണ്ടായിരുന്നുള്ളു. അതിനാൽ കത്തോലിക്കാസഭയാണു് ഞായറാഴ്ചയാചാരമേർപ്പെടുത്തിയതെന്നു് പറയുന്നതു് തെററല്ല. പക്ഷെ നാലാം നൂററാണ്ടിലല്ലെന്നേയുള്ളു. പരിശുദ്ധാത്മനടത്തിപ്പാലാണു് കത്തോലിക്കാസഭ അതു ചെയ്തതു്.

അ:—യഹൂദനടപടികളിലേതെല്ലാം എങ്ങനെയെല്ലാമാണു് ക്രിസ്തീയസഭ പരിവർത്തനം ചെയ്തതു്?

ജ്യേ:—യഹൂദസഭ ക്രിസ്തീയസഭയുടെ നിഴലായിരുന്നു. അതിനാൽ അതിൻെറ നടപടികളെല്ലാംതന്നെ പുതുക്കി. (1) യഹൂദസഭയിലെ പരിച്ഛേദനകർമ്മം മാററി പകരം കൈപ്പണിയല്ലാത്ത പരിച്ഛേദനയായ മാമോദീസാ ഏർപ്പെടുത്തി. (2) ശനിയാഴ്ച ശാബതാചാരം മാററി ഞായറാഴ്ചയാചാരമേർപ്പെടുത്തി. (3) അഹറോന്യആചാര്യത്വം മാററി ക്രിസ്തീയ പൌരോഹിത്യം ഏർപ്പെടുത്തി. (4) രക്തംചിന്തിയുള്ള ബലികളെല്ലാം നിറുത്തി രക്തംചിന്തലില്ലാത്ത വി. കുർബ്ബാന ഏർപ്പെടുത്തി. (5) യഹൂദപെരുനാളുകൾക്കു

www.malankaralibrary.com



പകരം ക്രിസ്തീയപെരുനാളുകളേർപ്പെടുത്തി. (6) യഹൂദന്മാരുടെ സന്നിദ്രീം സംഘങ്ങൾക്കുപകരം പ്രാദേശികവും സാർവ്വത്രികവുമായ സുന്നഹദോസുകൾ ഏർപ്പെടുത്തി. (7) യഹൂദപ്രധാനാചാര്യന്നു പകരം പത്രോസിനെയും അദ്ദേഹത്തിന്റെ പിൻഗാമിയായി വരുന്ന മാർപ്പാപ്പാമാരെയും ഏർപ്പെടുത്തി. (8) ഏഴാംമാസം പത്താം തീയതി നടത്തിവന്നിരുന്ന പാപപരിഹാരപെരുനാളിനു പകരം ആണ്ടുകുമ്പസാരമേർപ്പെടുത്തി. (9) ദൈവാലയത്തിൽ കത്തിച്ചു വന്നിരുന്ന ഏഴു തിരിവിളക്കിനു പകരം ആത്മാക്കളെ പ്രകാശിപ്പിക്കുന്ന ഏഴു കൂദാശകളേർപ്പെടുത്തി. (10) യഹൂദന്മാരുടെ പ്രീശന്മാർക്കു പകരം ക്രിസ്തീയവിശ്വാസാചാരനുഷ്ഠാനത്തിൽ നിഷ്ഠയുള്ള ആശ്രമസ്ഥരെ പരിശീലിപ്പിച്ചു. ഇങ്ങനെ യഹൂദന്മാരുടെ പഴയ ആചാരങ്ങളെല്ലാം മാററി അവയുടെ സാക്ഷാൽ ശരീരമായ ക്രിസ്തീയ നടപടികൾ ഏർപ്പെടുത്തി.

അ:—സ്വർഗ്ഗത്തിനും നരകത്തിനുമിടയിൽ കുട്ടിനരകമെന്നൊരു ബസ്പുർക്കാർന (ശുദ്ധീകരണസ്ഥലം) ഉണ്ടെന്നുള്ള റോമ്മാസഭയുടെ ഉപദേശം വേദവിരുദ്ധമല്ലെ?

ജ്യേ:—കുട്ടിനരകമെന്ന പദപ്രയോഗം ചിലരുടെ പരിഹാസപ്രയോഗമാകയാൽ അതു വിട്ടുകളയാം. സ്വർഗ്ഗവും നരകവും രണ്ടു സ്ഥലങ്ങളാണെങ്കിൽ അതിനിടയ്ക്ക് ബസ്പുർക്കാനാ (ശുദ്ധീകരണസ്ഥലം) എന്നൊരു സ്ഥലവുമുണ്ട്. യേശു കുരിശിൽ മരിച്ചശേഷം ഉയിർത്തെഴുന്നേല്ക്കുന്നതിനുമുമ്പ് പത്രോസ് ഇരുന്നിരുന്ന ഇടത്തേക്കുപോയി അവരോടു പ്രസംഗിച്ചതായി നാം വേദപുസ്തകത്തിൽ കാണുന്നു. "നീതിമാൻ നീതികെട്ടവർക്കുവേണ്ടി തന്നെ ജഡത്തിൽ കൊല്ലപ്പെടുകയും ആത്മാവിൽ ജീവിപ്പിക്കപ്പെടുകയും ചെയ്തു. ആത്മാവിൽതന്നെ താൻ പോയി പണ്ടു നോഹയുടെ ദിവസങ്ങളിൽ പെട്ടകം ഒരുക്കുന്ന സമയം ദൈവത്തിന്റെ ദീർഘക്ഷമ കാത്തിരിക്കുമ്പോൾ അനുസരിക്കാത്തവരായി തടവിലുള്ള ആത്മാക്കളോടു പ്രസംഗിച്ചു" (1 പത്രോ: 3: 19) ഇവിടെ തടവ് എന്നു പറയുന്ന സ്ഥലം സ്വർഗ്ഗമല്ല. സ്വർഗ്ഗം ഒരു ജയിലല്ലല്ലോ. അ

www.malankaralibrary.com


ത്മ മാത്രമല്ല ക്രിസ്തു സ്വർഗ്ഗത്തിൽ പ്രവേശിച്ചതു് ശരീരത്തോടുകൂടെയായിരുന്നുതാനും. ഇതു് നരകമാണോ? അതുമല്ല, നരകത്തിൽ ക്രിസ്തു പ്രവേശിച്ചിട്ടില്ല. അവിടെ സുവിശേഷപ്രസംഗവും വേണ്ട. അതിനാൽ ക്രിസ്തുവിനു മുമ്പുള്ള പരേതരുടെ ആത്മാക്കളുടെ ശുദ്ധീകരണത്തിനും സ്വർഗ്ഗം തുറന്നുകിട്ടുന്നതുവരെയുള്ള കാത്തിരിപ്പിനുമായി സ്വർഗ്ഗത്തിനും നരകത്തിനുംമദ്ധ്യേ തടങ്കൽ എന്ന പേരിൽ ഒരു സ്ഥലമുണ്ടായിരുന്നു എന്നു് വേദപുസ്തകത്തിൽ നിന്നു് വ്യക്തമാകുന്നു. എന്നാൽ ക്രിസ്തു സ്വർഗ്ഗം തുറന്നിരിക്കുന്നതിനാൽ ഇപ്പോൾ ആ തടങ്കൽസ്ഥലം ശുദ്ധീകരണസ്ഥലം മാത്രമായി തീർന്നിരിക്കുകയാണു്. സ്വർഗ്ഗപ്രാപ്തിക്കുള്ള അവകാശം ലഭിച്ചവരും, എന്നാൽ അതിനുതക്ക യോഗ്യത നേടീട്ടില്ലാത്തവരും ഈ സ്ഥലത്തുവച്ചു് ശുദ്ധീകരണം നേടിക്കൊണ്ടു് സ്വർഗ്ഗത്തിലേക്കു് പോകുന്നു. ഒന്നോർത്തു നോക്കുക, ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും. (യോഹ: 6: 51) "എന്റെ ശരീരം ഭക്ഷിക്കുന്നവനു് നിത്യജീവനുണ്ടു" "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക. എന്നാൽ നീയും നിന്റെ കുടുംബവും രക്ഷിക്കപ്പെടും (നട: 16: 31) എന്നിത്യാദി വേദവാക്യങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നവർക്കു് ക്രിസ്തു നിത്യജീവൻ കൊടുത്തേ മതിയാകൂ. അതുപോലെതന്നെ വേശ്യാദോഷം, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പകകൾ, പിണക്കം, എരിവുകൾ, ക്രോധങ്ങൾ, ദുഷ്ക്രൂരകൾ, ദ്വാദപക്ഷങ്ങൾ, ഭിന്നതകൾ, അസൂയകൾ, മദ്യപാനങ്ങൾ, വെറിക്കൂത്തുകൾ, എന്നിപ്രകാരമുള്ളവ പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശിക്കുകയില്ല എന്നു് ഞാൻ മുമ്പു് പറഞ്ഞ പ്രകാരംതന്നെ ഇപ്പോൾ നിങ്ങളോടു മുൻകൂട്ടി പറയുന്നു (ഗലാ: 5: 19–21) എന്നു് വി പൌലൂസ് എഴുതിയിരിക്കുന്നു. ഈ വാക്യമനുസരിച്ചു ഇങ്ങനെയുള്ളവരാരും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്നു വരുന്നു. അതുപോലെതന്നെ കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതപ്പെട്ടവരല്ലാതെ അശുദ്ധമായതൊന്നിലുമോ വെറുപ്പോ ഭോഷ്കോ പ്രവർത്തിക്കുന്നവരോ അതിൽ (സ്വർഗ്ഗരാജ്യത്തിൽ) പ്രവേശിക്കുകയില്ല. (വെളി: 21: 27)

www.malankaralibrary.com


എന്നു് യോഹന്നാൻ തന്റെ വെളിപാടു പുസ്തകത്തിലും പറഞ്ഞിരിക്കുന്നു. അതും സത്യമാണു്.

ക്രിസ്തുവിൽ വിശ്വസിച്ചവരും തന്റെ തിരുശരീരരക്തത്തിൽ പങ്കു കൊണ്ടവരുമായ എത്രയോ ആളുകളിൽ അശുദ്ധ പ്രവൃത്തികളും വെറുപ്പും ഭോഷ്ക്കും നാം കണ്ടുവരുന്നു. ക്രിസ്തുവിനെ സ്വീകരിച്ചവരെന്ന നിലയ്ക്കു് ഇവർ സ്വർഗ്ഗത്തിൽ പോകണം. അശുദ്ധിയുള്ളവരെന്ന നിലയിൽ അവരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയില്ല. മരണകരമായ പാപമില്ലെങ്കിൽ അവരെ നരകത്തിൽ തള്ളിക്കളയുന്നതും ശരിയല്ല. അതിനാൽ അങ്ങനെയുള്ളവർ തങ്ങളുടെ പാപപ്രവൃത്തികൾമൂലം തങ്ങളുടെ ആത്മാവിൽ വരുത്തിയിട്ടുള്ള കറകൾ തുടച്ചു വെടിപ്പാക്കുവോളം താമസിക്കേണ്ടിവരുന്നു. അങ്ങനെ തങ്ങളെത്തന്നെ ശുദ്ധീകരിക്കുന്നതിനുവേണ്ടി താമസിക്കുന്ന സ്ഥലമാണു് ശുദ്ധീകരണസ്ഥലമെന്നു പറയുന്നതു്. ഈ ഉപദേശം വേദപുസ്തകത്തെ നിരർത്ഥകജല്പനങ്ങളായി കരുതി തള്ളിക്കളയാതെ ദൈവവചനമായി കാത്തുകൊള്ളുവാൻ സഹായിക്കുന്നു. നരകത്തിനു് പാത്രമായവരെ ദൈവം നരകത്തിലേക്കു് തള്ളിക്കളയുന്നു. അവർക്കു് ശുദ്ധീകരണത്തിന്റെ ആവശ്യമില്ല. എന്നാൽ സ്വർഗ്ഗമാകട്ടെ കണ്ണുകണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും ഹൃദയം സങ്കല്പിച്ചിട്ടില്ലാത്തതും ആയവിധം വിശുദ്ധി നിറഞ്ഞതാണു്. അവിടെ മലിനമായതൊന്നും പ്രവേശിക്കുകയില്ല. നേരെ സ്വർഗ്ഗത്തിലേക്കു് പോകുവാൻതക്ക വിശുദ്ധി ഈ ലോകത്തിൽവച്ചു് സമ്പാദിച്ചിട്ടുള്ളവർ വളരെ ചുരുക്കമാണു്. ശേഷമുള്ളവരെ ശുദ്ധീകരണസ്ഥലത്തുവച്ചുള്ള ശുദ്ധീകരണത്തിനുശേഷം സ്വർഗ്ഗത്തിലേക്കു പ്രവേശിപ്പിക്കുന്നു.

അ:—മരിച്ചുപോയവരുടെ ആത്മാക്കളെ സ്വർഗ്ഗത്തിലേക്കെടുത്തിട്ടു് അവിടെവച്ചു് ശുദ്ധീകരിച്ചാൽ പോരെയോ?

ജ്യേ:—അതെങ്ങനെയാണു്. "അശുദ്ധമായവ യാതൊന്നും വെറുപ്പും ഭോഷ്ക്കും പ്രവർത്തിക്കുന്നവനും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല" (വെളി: 21:27) എന്നു് വേദപുസ്തകം പറയുന്നു. അതി

www.malankaralibrary.com



നാലതു സാദ്ധ്യമല്ല. സ്വർഗ്ഗത്തിനും ഭൂമിക്കുംമദ്ധ്യേ ഒരു ശുദ്ധീകരണസ്ഥലമുണ്ട്. അവിടെവച്ച് നമ്മുടെ ആത്മാക്കളുടെ ശുദ്ധീകരണം പൂർത്തിയാക്കിയശേഷം നാം സ്വർഗ്ഗത്തിലേക്കെടുക്കപ്പെടും. ഇങ്ങനെ ഒരു ശുദ്ധീകരണ സ്ഥലമുണ്ടെന്നുള്ളതുകൊണ്ടുകൂടെയാണ് നാം പരേതർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു പറയുന്നത്.

അ:—എന്റെ ജ്യേഷ്ഠാ! ഇതൊക്കെ സഹിക്കാം. നിനക്കായി യാതൊരു വിഗ്രഹവും നീ ഉണ്ടാക്കരുത്. താഴെ ഭൂമിയിലെങ്കിലും ഭൂമിക്കുകീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയെ എങ്കിലും നീ ഉണ്ടാക്കരുത് (പുറ: 20: 4) എന്നുള്ള കല്പനയെ നിരാകരിച്ചു പ്രവർത്തിക്കുന്നതാണു കഷ്ടം. അതു ആവർത്തിച്ചുകൊണ്ടിരിക്കുന്നത് അതിലും കഷ്ടമല്ലെ?

ജ്യേ:—അനുജാ വേദപുസ്തകത്തിലെ ഏതെങ്കിലും വാക്യം നാം എടുത്തു വ്യാഖ്യാനിക്കുമ്പോൾ അതിനെതിരായി വേറൊരു വാക്യം വേദപുസ്തകത്തിൽ കാണാൻ ഇടയാകാത്ത വിധത്തിലെ വ്യാഖ്യാനിക്കുവാൻ പാടുള്ളു. എന്തെന്നാൽ വേദപുസ്തകത്തിലെ എല്ലാ ഗ്രന്ഥങ്ങളും ഒരേ പരിശുദ്ധാത്മാവിന്റെ സഹായത്താലും പ്രേരണയാലും എഴുതപ്പെട്ടിട്ടുള്ളവയാണ്. പരിശുദ്ധാത്മാവ് ദൈവമാകയാൽ താൻ ഒരിക്കലൊരുവിധത്തിലും പിന്നൊരിക്കൽ വേറൊരു വിധത്തിലും പറയുകയില്ല. എഴുതിക്കുകയുമില്ല. അതു വിശ്വസിക്കുന്നില്ലെങ്കിൽ വേദപുസ്തകം മുഴുവനും ദൈവവചനമല്ലെന്നു തള്ളിപ്പറയേണ്ടിവരും. യാതൊന്നിന്റെയും പ്രതിമ ഉണ്ടാക്കരുതെന്നു കാണിപ്പാൻ നിങ്ങൾ സ്വീകരിച്ചിരിക്കുന്ന പുറപ്പാട്ടു പുസ്തകത്തിൽതന്നെ പ്രതിമ ഉണ്ടാക്കുവാൻ യഹോവ കല്പിച്ചതായി പറഞ്ഞിരിക്കുന്നു. "നീ പൊന്നുകൊണ്ട് രണ്ടു ഖെറുബിമാലാഖമാരെ ഉണ്ടാക്കണം (പുറ: 25: 18) ഈ കല്പനപ്രകാരം മോശ അതുണ്ടാക്കി വച്ചതായി പുറപ്പാട്ടുപുസ്തകം 37: 7. ൽ നാം വായിക്കുന്നു. ഇതിൽനിന്നും സ്വർഗ്ഗത്തിലുള്ള മാലാഖമാരുടെ രൂപം ഉണ്ടാക്കാമെന്നു വരുന്നു. ഇനിയും സംഖ്യാപുസ്തകം നോക്കുക "അപ്പോൾ യഹോവാ മോശയോടു പറഞ്ഞു നീ ഒരു അഗ്നിസർപ്പ

www.malankaralibrary.com



ത്തെ ഉണ്ടാക്കി അതിനെ ഒരു തൂണിന്മേൽ നിറുത്തുക. വിഷപാമ്പിൻെറ കടിയേല്ക്കുന്നവർ അതിലേക്ക് നോക്കിയാൽമതി, ജീവിക്കും. ഇതനുസരിച്ച് മോശ പിച്ചളകൊണ്ട് ഒരു സർപ്പത്തെയുണ്ടാക്കി ഒരു തൂണിന്മേൽ നിറുത്തി. വിഷപാമ്പിൻെറ കടിയേററവർ പിച്ചള സർപ്പത്തെ നോക്കി ജീവിക്കുകയും ചെയ്തു. (സംഖ്യ: 21: 8–9) സർപ്പം ഭൂമിയിലും വെള്ളത്തിലും സഞ്ചരിക്കുന്നതാണ്. അതിൻെറ പ്രതിമയാണ് ഉണ്ടാക്കുവാൻ യഹോവാ കല്പിച്ചിരിക്കുന്നത്. ഇനിയും വെറൊരു വാക്യം കേൾക്കുക. "ശലോമോൻ യഹോവായുടെ സന്നിധിസ്ഥലത്തിൽ ഒലിവുമരംകൊണ്ട് രണ്ടു ഖെറുബി മാലാഖമാരെ ഉണ്ടാക്കിവച്ചു. ഓരോന്നും പത്തുമുഴം ഉയരമുള്ളതായിരുന്നു. (1 രാജാ: 6: 23) ഇതുപോലെതന്നെ ശലോമോൻ ദൈവാലയത്തിൻെറ എല്ലാ ഭിത്തികളിലും ഖെറുബികളും ഈന്തകളും വിടർന്ന പുഷ്പങ്ങളുമായ പലതരം രൂപങ്ങളെ കൊത്തിയുണ്ടാക്കി (1 രാജാ: 6: 29) ഇനി വേറൊരു വാക്യംകൂടി കേൾക്കുക. അവൻ വാർക്കപ്പെട്ട ഒരു കടലിനെ (വാർപ്പിനെ) ഉണ്ടാക്കി അതു പിച്ചളകൊണ്ടു വാർത്തെടുത്ത പന്ത്രണ്ടു കാളകളുടെ പുറത്തുവച്ചു. (1 രാജാ: 7: 25) ഇങ്ങനെ പന്ത്രണ്ടു പിച്ചളക്കാളകളെ വാർത്തുവച്ച ശലോമോനെ ദൈവം അനുഗ്രഹിച്ചു. എന്നാൽ ഒരു ഒററകാളക്കുട്ടിയെ ഉണ്ടാക്കിവച്ച ഇസ്രായേൽ ജനത്തെ ദൈവം ശിക്ഷിക്കുകയും ചെയ്തു. കാരണം മിസ്രേമിൽനിന്നു നിങ്ങളെ വിടുവിച്ചുകൊണ്ടുവന്ന നിങ്ങളുടെ ദൈവം ഇതാകുന്നു എന്നു അവർ പറഞ്ഞിരുന്നു. (പുറ: 32: 4) അങ്ങനെ പറഞ്ഞാരാധിച്ചപ്പോൾ ദൈവം അവരെ ശിക്ഷിച്ചു. അന്നു മൂവായിരം പേരോളം കൊല്ലപ്പെടുകയും ചെയ്തു. ഇതിൽനിന്നും ദൈവത്തിൻെറതെന്നോ ദേവന്മാരുടെതെന്നോ പറഞ്ഞു ആരാധിക്കുവാനായി ഉണ്ടാക്കുന്ന വിഗ്രഹങ്ങളെയാണ് ഉണ്ടാക്കാൻ പാടില്ലെന്ന് വിലക്കിയിരിക്കുന്നതെന്ന് സ്പഷ്ടമാണ്. എന്നാൽ ഓർമ്മയ്ക്കായും ബഹുമാനത്തിനായും അലങ്കാരത്തിനായും മനുഷ്യരുടെയും മൃഗങ്ങളുടെയും പ്രതിമകൾ നിർമ്മിക്കാമെന്നും അതു തെററല്ലെന്നും വിഗ്രഹാരാധനയാക

www.malankaralibrary.com



യില്ലെന്നും മേല്പറഞ്ഞ വേദഭാഗങ്ങൾ പറയുന്നു. അതിനാൽ കത്തോലിക്കർ വിഗ്രഹാരാധകരാണെന്നു് പറയുന്നതു് ശത്രുക്കളുടെ വെറും പരിഹാസം മാത്രമാണെന്നു് ധരിക്കണം. രൂപങ്ങളുണ്ടാക്കുന്നതു വേദവിപരീതമല്ല

അ:—ഈവക അസത്യങ്ങളൊക്കെ പഠിപ്പിക്കുന്ന ഈ ശാബത്തു മിഷൻ ആരാണു് തുടങ്ങിയതു്. എന്നാണു് തുടങ്ങിയതു്?

ഗു:—ക്രിസ്തു രണ്ടാമതു വരുന്ന ദിവസം ഏതാണെന്നറിഞ്ഞാൽ ക്രിസ്ത്യാനികളെല്ലാം ഇളകിവശാകുമെന്നും അതു പ്രസ്താവിക്കുന്നവർക്കു് വലിയ സ്വീകരണം ലഭിക്കുമെന്നും വില്യം മില്ലർ എന്ന ഒരു അമേരിക്കാക്കാരനു തോന്നി. ആ ദിവസം എന്നായിരിക്കുമെന്നു് ഒന്നു പ്രസ്താവിക്കണമെന്നു് നിശ്ചയിച്ചു. ക്രിസ്തുവിൻെറ "രണ്ടാമത്തെ വരവിൻെറ നാളിനേയും നാഴികയേയുംപററി പിതാവല്ലാതെ പുത്രനോ സ്വർഗ്ഗത്തിലെ ദൂതന്മാരിലാരെങ്കിലുമോ അറിയുന്നില്ല" (മർക്കോ: 13: 32) എന്നു് ക്രിസ്തുതന്നെ പ്രസ്താവിച്ചിട്ടുള്ളതാണു്. എന്നിലും അന്വേഷിച്ചാൽ കണ്ടെത്തും എന്നു പറഞ്ഞുകൊണ്ടന്വേഷണം തുടങ്ങി. ഒടുവിൽ 1843-ൽ ക്രിസ്തു രണ്ടാമതും വരുമെന്നു് അദ്ദേഹം പ്രസ്താവിച്ചു.

അദ്ദേഹം വിചാരിച്ചതുപോലെ അകത്തോലിക്കരെല്ലാം ഇളകിത്തുടങ്ങി. ലക്ഷക്കണക്കിനാളുകൾ അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുവാൻ ചെന്നു. പക്ഷെ ക്രിസ്തു ആ വർഷത്തിൽ വന്നില്ല. വില്ല്യം മില്ലർ വിട്ടില്ല. കണക്കു് ഒന്നുകൂടെ ശരിപ്പെടുത്തി ക്രിസ്തു 1844 മെയ് മാസത്തിൽ വരുമെന്നു പറഞ്ഞു. അങ്ങനെ തൻെറ അനുയായികളെയെല്ലാം ധൈര്യപ്പെടുത്തി നിവർത്തി. ആ മാസവും പതിവുപോലെ കടന്നുപോയി. അപ്പോൾ 1844 ഓഗസ്റ്റിനും സെപ്റ്റംബറിനും മദ്ധ്യേ വരുമെന്നു പറഞ്ഞു. അതും തെററി. ഒടുവിൽ 1844 ഒക്ടോബർ 22-ാം തീയതി വരുമെന്നു് ഖണ്ഡിതമായി പറഞ്ഞു. പതിവുപോലെ സൂര്യൻ ഉദിച്ചും അസ്തമിച്ചും ആ തീയതിയും കടന്നുപോയി. ഇത്രയുമായപ്പോഴേക്കു് ജനങ്ങൾക്കു് അദ്ദേഹത്തിലുണ്ടായിരുന്ന വിശ്വാസം കുറഞ്ഞു. പല

www.malankaralibrary.com



രും പരിഹാസം തുടങ്ങി. അതോടുകൂടെ അദ്ദേഹവും രംഗത്തുനിന്നു തിരോധാനം ചെയ്തു.

ഒരു നായകത്വം കരസ്ഥമാക്കാനിതുതന്നെ തരമെന്നു കരുതി ഒരു മെത്തേഡിസ്റ്റ് സഭാംഗമായ ഹെലൻ ഹെർമ്മൻ എന്നൊരു വനിത രംഗപ്രവേശം ചെയ്തു. ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിൻെറ ദിവസം പ്രഖ്യാപിച്ചുകൊണ്ടു നടന്നവരെ അഡ്വൻറിസ്റ്റ് സഭക്കാരെന്നാണ് വിളിച്ചു വരുന്നതു്. അവരിൽ കറേപ്പേർ ഇവരെ അനുഗമിച്ചു. ഈ വനിതയുടെ ഭർത്താവിൻെറ പേരു് അനുസരിച്ചു് മിസ്സസ് ഈ. ജി. വൈററ് എന്നും അവരെ വിളിക്കാറുണ്ടു്. അവർ ആത്മാവിൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നും ദൈവവുമായി ഒരു അഭിമുഖസംഭാഷണം നടത്തിയെന്നും അപ്പോൾ ശനിയാഴ്ച ശാബതാചാരം ഉപേക്ഷിച്ചു ഞായറാഴ്ചയാചാരത്തിൻെറ പിന്നാലെ വഴുതിപ്പോയ ക്രിസ്ത്യാനികളെയെല്ലാം ശനിയാഴ്ചയാചാരത്തിലേക്ക് തിരിപ്പിച്ചു കൊണ്ടുവരേണ്ട ചുമതല ദൈവം അവരെ ഭരമേല്പിച്ചു എന്നും അതിലേക്കെന്തെല്ലാം കഷ്ടതകൾ സഹിക്കേണ്ടി വന്നാലും യേശുവിനെപ്പോലെ അതെല്ലാം സഹിക്കണമെന്നും മററും ദൈവം പറഞ്ഞു എന്നു് പ്രഖ്യാപിച്ചുകൊണ്ടു് അവരൊരു പ്രസംഗപരമ്പര നടത്തി. എല്ലാവരും ഞായറാഴ്ചയാചാരം വിട്ടു് ശാബത്തു് ആചരിക്കണമെന്നും അല്ലെങ്കിൽ ആത്മരക്ഷ ലഭിക്കുകയില്ലെന്നും വീറോടെ പ്രസംഗിച്ചു. അങ്ങനെ 1845-ൽ ഈ വനിത തുടങ്ങിയതാണു് ശാബത്തു മിഷൻ. അവർക്കു് ദിനംപ്രതി ഓരോ ദർശനം കാണുന്നതായി പറഞ്ഞുകൊണ്ടും അതു് ഓരോ ദൈവദൂതായി പ്രഖ്യാപിച്ചുകൊണ്ടുമിരുന്നു. ഇതൊരുതരം ഉന്മാദമാണെന്നു പറഞ്ഞു് വളരെപ്പേർ പിൻതിരിഞ്ഞുകളഞ്ഞു. അവരാണു് 1848-ൽ The Life and advent union" എന്ന സഭ രൂപീകരിച്ചതു്. ഈ വനിതയെ കിറുക്കിമതാമ്മ എന്നു പറഞ്ഞു് തള്ളിക്കളഞ്ഞുകൊണ്ടു് പിന്നെ ഒരു കൂട്ടർ പിരിഞ്ഞുപോയി. അവരാണു് 1864-65-ൽ ദൈവസഭ സ്ഥാപിച്ചതു്. ഇവർ വേദവാക്യങ്ങളുടെ ഗൌരവത്തെയും അതു പാലിച്ചില്ലെങ്കിൽ വരുന്നകൂട്ട

www.malankaralibrary.com



ന്ന ഭവിഷ്യത്തുകളെയും പാറി പറയുന്നതു കേട്ടാൽ മാർപ്പാപ്പായ്ക്കു പോലും ഇത്രയും അപ്രമാദിത്വം ഇല്ലെന്നു തോന്നിപ്പോകും. തങ്ങൾക്കു തന്നെ നിശ്ചയമില്ലാത്ത കാര്യമാണെങ്കിലും പറയുന്നതു് ധൈര്യമായും സംശയരഹിതമായും നിസങ്കോചം തട്ടിവിട്ടേക്കണം എന്നാണിവരുടെ പ്രമാണം.

"കന്നോറിലൊരു കന്നിൽ ആത്മമയനായിയോസേപ്പു കണ്ടേശുവെ" എന്നു പറഞ്ഞുകൊണ്ടാണല്ലോ വിദ്വാൻകുട്ടി എന്നറിയപ്പെട്ടന്ന 'യുസ്തൂസ് യൌസേപ്പ്' 1881–ഒക്ടോബർ രണ്ടാം തീയതി കർത്താവിൻെറ രണ്ടാമത്തെ വരവുദിവസമായിരിക്കുമെന്നു് പറഞ്ഞുകൊണ്ട് നമ്മുടെ നാട്ടിൽ യൂയോമയ സഭ സ്ഥാപിച്ചതു്. അതു നശിച്ചു. മഹാകവി കെ. വി. സൈമൺ വിയോജിതസഭ സ്ഥാപിച്ചു. മി. സൈമൺ മരിച്ചു. ആ സഭയും ഇല്ലാതായി. പൊയ്കയിൽ യോഹന്നാൻ പ്രത്യക്ഷരക്ഷാദൈവസഭ സ്ഥാപിച്ചു. (P. R. D. S) അദ്ദേഹം മരിച്ചു. അദ്ദേഹത്തിൻെറ സഭയും ഇല്ലാതായി. ഗമാലിയേൽ പറയുന്നതു കേൾക്കുക. തൃദാസ് എന്നൊരാൾ എഴുന്നേററു താൻ ദൈവത്തിൽ നിന്നാണെന്നു പറഞ്ഞു പ്രസംഗിച്ചു. ഏകദേശം നാനൂറുപേരോളം അയാളുടെ പുറകെ പോയി. എന്നാൽ അയാൾ കൊല്ലപ്പെട്ടു. അയാളുടെ സഭയും നശിച്ചു. പിന്നീടു് യൂദാ എന്നൊരുവൻ വന്നു. ഒടുവിൽ അവനും അവൻെറ അനുയായികളും നശിച്ചു (നട: 5. 36–37) ഇതുതന്നെ ശാബതുമിഷൻെറയും ഗതി.

അ:—ചില പ്രോട്ടസ്റ്റൻറുകാർ പറയുന്നതുപോലെ വി. കുർബ്ബാനയ്ക്കു് സംബന്ധിക്കാതെ ഒരുവനു് ഞായറാഴ്ച വിശുദ്ധ ദിനമായി ആചരിച്ചുകൂടെയോ?

ജ്യേ:—വിശുദ്ധ കുർബ്ബാനയ്ക്കു് സംബന്ധിക്കാതെയുള്ള ഞായറാഴ്ചയാചാരം പൂർണ്ണമാകയില്ല. കാരണം ഇതെൻെറ ഓർമ്മക്കായി നിങ്ങൾ ചെയ്യുവീൻ (ലൂക്കോ: 22: 19) എന്നു് യേശു കല്പിച്ചു. അതിനെ പാലിപ്പാനായി ആദിമക്രിസ്ത്യാനികൾ ദിനംപ്രതി കുർബ്ബാനയർപ്പിച്ചു വന്നിരുന്നു. (നട: 2: 46) ഈ കല്പന യേശുവിൻെറ ഒരു അന്ത്യശാസനമാണു്. ഞായറാഴ്ച സഭ കൂടുമ്പോൾ വി.

www.malankaralibrary.com



കർബ്ബാനയിൽ സംബന്ധിക്കാത്തതിന് വി. പൌലൂസ് കോറി ന്തുകാരെ കാറപ്പെടുത്തി "നിങ്ങൾ കൂടിവരുമ്പോൾ കർത്താവി ൻെറ അത്താഴമല്ല കഴിക്കുന്നതു" (1 കോ: 11 20) എന്നു പറഞ്ഞിരിക്കുന്നു. ആദിമക്രിസ്ത്യാനികൾ ഞായറാഴ്ചയാചരി ച്ചതു വി. കർബ്ബാനയിൽ സംബന്ധിക്കുന്നതിനാലായിരുന്നു. "ആഴ്ച വട്ടത്തിൻെറ ഒന്നാം ദിവസം അവർ അപ്പം നുറുക്കുവാൻ കൂടിയി രുന്നു (നട: 20: 7) എന്നു നാം വായിക്കുന്നു. വി. കർബ്ബാനയിൽ സംബന്ധിക്കുകയെന്നതു ഞായറാഴ്ചയാചാരത്തിൻെറ ഒരു പ്രധാന ഘടകമാണ്.

അ:—ഞായറാഴ്ച പാട്ടു പാടുകയും വേദപുസ്തകം വായിക്കുക യും പ്രാർത്ഥിക്കുകയും പ്രസംഗിക്കുകയും ചെയ്താൽ ഞായറാഴ്ചയാചാര മാകുകയില്ലെ?

ജ്യേ:—അവകൾ വി. കർബാനയെപ്പോലെ അനുഷ്ഠിപ്പാൻ കല്പിച്ചിട്ടുള്ളവയല്ല. വി. കർബ്ബാനയർപ്പണമുണ്ടായാൽ ഇവയെ ല്ലാം അവയോടനുബന്ധിച്ചുണ്ടായിരിക്കുകയും ചെയ്യും. യഹൂദന്മാർ തന്നെയും ശാബതിൽ ഇരട്ടി ബലി അർപ്പിച്ചു വന്നിരുന്നു. ശാബ തനുഷ്ഠിപ്പാൻ ഓർത്തുകൊള്ളുവിൻ എന്ന കല്പനയിലെ ഓർത്തുകൊ ള്ളുവിൻ എന്ന പദത്തിന് ഒരു ചുമതലപ്പെടുത്തലിൻെറ ഗൌരവ മുണ്ടു്. അതുപോലെ തന്നെ എൻെറ ഓർമ്മയ്ക്കായി ഇതു ചെയ്യു വിൻ എന്ന കല്പനയിലെ ഇതു ചെയ്യുവിൻ എന്ന നിർദ്ദേശത്തി നും ഒരു ഗൌരവം ഉണ്ടു്. അതിനാൽ ഞായറാഴ്ചയാചാരം ശരിയാ യ ശാബതാചാരമാകണമെങ്കിൽ അന്നു് വി. കർബ്ബാനയാകുന്ന ബ ലിയർപ്പിക്കുകയും ജനങ്ങൾ അതിൽ ഭാഗഭാക്കാകുകയും ചെയ്യേണ്ട തു് അത്യന്താപേക്ഷിതമാണ്. തിരുസഭയുടെ ഒരു പ്രധാന നിർ ദ്ദേശമാണിതു്. സഭയെ അനുസരിക്കാത്തവനെ ചുങ്കക്കാരനേയും പാപിയേയും പോലെ തള്ളിക്കളയുക (മത്താ: 18: 17) എന്നാണ ക്രിസ്തു പറഞ്ഞിരിക്കുന്നതു്.

മാത്രമല്ല മനുഷ്യൻ ഒരു സാമൂഹ്യസൃഷ്ടിയാണ്. അതിനു് ഒരു സാമൂഹ്യമായ ദൈവാരാധന കൂടെവേണം. അതിനുള്ളതാണ് വി.

www.malankaralibrary.com



കുർബ്ബാന. പാട്ടു പാടുകയും വായിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നതു് എവിടെ വച്ചും തനിച്ചും നടത്താവുന്നതാണു്. ആകയാൽ ഞായറാഴ്ച വി. കുർബ്ബാനയിൽ സംബന്ധിച്ചിരിക്കണമെന്നുള്ളതു് നിർബന്ധമാണു്.

അ:—അതു ജനങ്ങളുടെമേൽ ഒരു ഭാരം ചുമത്തലല്ലേ? അതെന്തിനു്?

ജ്യേ:—തനിച്ചും സാമൂഹ്യമായും രണ്ടു വിധത്തിലും ദൈവാരാധന നടത്തണമെന്നതു് മനുഷ്യന്റെ കടമയാണു്. നമ്മുടെ സുഖമോ സൌകര്യമോ നോക്കി ഭേദപ്പെടുത്താവുന്ന ഒന്നല്ല അതു്. ദൈവത്തിനുള്ളതു് ദൈവത്തിനു കൊടുക്കണമെന്നതു് ഒരു കടമ തന്നെയാണു്. തിരുസഭയുടെ മക്കൾ അതു പാലിച്ചേ തീരൂ. അതിനാൽ കല്പിക്കുന്നതാണു്.

അ:—കുർബ്ബാനയ്ക്കു് പള്ളിയിൽ പോകുന്നതിനു പകരം ആ സമയം വല്ല സൽപ്രവൃത്തികളും ചെയ്യുവാൻ ഉപയോഗിക്കരുതോ?

ജ്യേ:—കത്തോലിക്കരതും ചെയ്യുന്നുണ്ടു്. ചെയ്യണമെന്നു് നിർബന്ധിക്കുകയും ചെയ്യുന്നു. വി. കുർബാനയിൽ സംബന്ധിക്കുന്നതു് എല്ലാ സൽപ്രവൃത്തികളിലുംവച്ചു് വലിയ ഒരു സൽപ്രവൃത്തിയാണു്. എന്തെന്നാൽ ഇതെന്റെ ഓർമ്മയ്ക്കായി ഞാൻ വരുവോളവും നിങ്ങൾ ചെയ്യുവിൻ എന്നതു് യേശുവിന്റെ അന്ത്യകല്പനയാണു്.

അ:—പള്ളിയിൽ പോകുന്നവരിൽ ഒരു നല്ല പങ്കു് ചീത്തയാളുകളായിരിക്കുന്നതെന്തുകൊണ്ടു?

ജ്യേ:—അവർ പള്ളിയിൽ പോകാതെ ചീത്തകളായി നടന്നു കൊള്ളണമെന്നാണോ നിങ്ങൾ പറയുന്നതു്. പള്ളിയിൽ പോകാത്തയാളുകളുടെ പാപത്തെക്കാൾ പള്ളിയിൽ പോകുന്നവരുടെ പാപം ലാഘവമായിത്തീരാനിടയുണ്ടു്. അതിനാൽ നാം പള്ളിയിൽ പോകയും വി. കുർബ്ബാനയിൽ ഭാഗഭാക്കാകുകയും വേണം.

അ:—കത്തോലിക്കർ ദൈവത്തിന്റെ പത്തു കല്പനകൾ നീക്കിക്കളഞ്ഞിരിക്കുകയല്ലേ?

www.malankaralibrary.com



ജ്യേ:—കത്തോലിക്കാസഭ പത്തു കല്പന മാററീട്ടില്ല. മാററിയെന്നു പറയുന്നവർ തന്റെ അയൽക്കാരനെതിരായി കള്ളസാക്ഷി പറയുകയാണു്. അതാണു് കല്പന ലംഘനം.

അ:—ദൈവത്തിന്റെ പത്തു കല്പന കത്തോലിക്കർ തിരുത്തി എന്നു പറയുന്നതു് ശരിയല്ലെന്നാണോ പറയുന്നതു ?

ജ്യേ:—അതെ. പത്തു കല്പന പുറപ്പാടു പുസ്തകം 20-ാം അദ്ധ്യായത്തിൽ പതിനേഴു വാക്യങ്ങളിലായിട്ടാണു് കിടക്കുന്നതു്. ആ പതിനേഴു വാക്യങ്ങളിൽനിന്നും പത്തു കല്പന തെരഞ്ഞെടുക്കുന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടായി. പീലാ എന്നയാൾ ക്രോഡീകരിച്ച പട്ടികയാണു് പ്രോട്ടസ്റ്റന്റുകാർ സ്വീകരിച്ചിരിക്കുന്നതു്. വി. അഗസ്റ്റീനോസിന്റെ പട്ടികയാണു് കത്തോലിക്കർ സ്വീകരിച്ചിരിക്കുന്നതു്. പുറപ്പാടു പുസ്തകം 20: 1-6 വരെയുള്ള വാക്യങ്ങളുടെ സാരം ഒന്നുതന്നെയാണു്. എന്നാൽ പീലോ അതു രണ്ടു കല്പനയായും വി. അഗസ്റ്റീനോസ് അതു ഒരു കല്പനയായും എഴുതിയിരിക്കുന്നു. അയൽക്കാരന്റെ വസ്തുക്കളേയും അയാളുടെ ഭാര്യയേയും നീ മോഹിക്കരുതു് (പുറ: 20: 17) എന്ന കല്പന പീലാ ഒരു കല്പനയായും വി. അഗസ്റ്റീനോസ് രണ്ടു കല്പനയായും എഴുതിയിരിക്കുന്നു. പ്രവൃത്തിയാലുള്ള മോഷണവും വ്യഭിചാരവും രണ്ടു കല്പനയായി അവരിരുവരും ഒരുപോലെ സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കു് ആഗ്രഹത്താലുള്ള മോഷണവും വ്യഭിചാരവും രണ്ടു കല്പനകളായിത്തന്നെ കരുതേണ്ടതാണു്. അയൽക്കാരന്റെ വസ്തു വേണമെന്നാഗ്രഹിക്കുന്നതും അയാളുടെ ഭാര്യയെ മോഹിക്കുന്നതും ഒരേ തരത്തിലുള്ള പാപമല്ല. അതു രണ്ടും രണ്ടുതരം പാപമാണു്. അതിനാൽ ട്രന്റിലെ സുന്നഹദോസ് അഗസ്റ്റീനോസിന്റെ പട്ടിക സ്വീകരിച്ചു എന്നേയുള്ളു.

അ:—മോശയും മററും ശനിയാഴ്ചയാചാരത്തിനു് ഏർപ്പെടുത്തിയിരുന്ന കർക്കശനിയമങ്ങൾ നീക്കി ദൈവം ആജ്ഞാപിച്ച വിധംമാത്രം ശനിയാഴ്ച ശാബത്തു് അനുഷ്ഠിച്ചു നടന്നുകൂടെയോ? എന്തിനാണു നാം ശനിയാഴ്ചയാചാരം മാററുന്നതു്.?

www.malankaralibrary.com



ജ്യേ:—അതു അക്കാലത്തു സാദ്ധ്യമായിരുന്നില്ല. ശനിയാഴ്ചയാചാരത്തിന് അവരുടെ സഭ നിശ്ചയിച്ചിരുന്ന പ്രമാണങ്ങളിൽ ഏതെങ്കിലും ഒന്ന് ലംഘിച്ചാൽ അവനെ കല്ലെറിഞ്ഞു കൊല്ലണമെന്നായിരുന്നു നിയമം. ശാബതിൽ യേശു രോഗികളെ സൌഖ്യമാക്കിയതിനാണ് തന്നെ കുരിശിൽ തറച്ചു കൊല്ലിക്കണമെന്നവർ തീരുമാനിച്ചതു്. ആ കാലത്തു ഈ അനാവശ്യങ്ങൾ മാറുവാൻ ശനിയാഴ്ചയാചാരം മുഴുവനായി മാററി വേറെ ശാബതാചാരം ഏർപ്പെടുത്തുന്നതിനാൽ മാത്രമെ സാദ്ധ്യമായിരുന്നുള്ളു.

അ:—ഒരുവൻ സത്യക്രിസ്ത്യാനിയായി ജീവിക്കണമെങ്കിൽ എന്തു ചെയ്യണം.

ജ്യേ:—ഒരുവൻ സത്യക്രിസ്ത്യാനിയായി ജീവിക്കണമെങ്കിൽ ക്രിസ്തു സ്ഥാപിച്ച സഭ പറയുന്ന പ്രകാരം ജീവിക്കണം. തന്നിഷ്ടമായി നടന്നാൽ പോരാ. ക്രിസ്തു സ്ഥാപിച്ച സഭയെ കണ്ടുപിടിക്കാൻ ഒരു പ്രയാസവുമില്ല. അതിന് തക്ക അടയാളം ക്രിസ്തുതന്നെ തന്റെ സഭയ്ക്ക് കൊടുത്തിട്ടുണ്ട്. അദ്ദേഹം പറയുന്നു. "ഞാൻ എന്റെ സഭയെ പത്രോസിന്മേൽ പണിയും" (മത്താ: 16: 16–19) ഇതു് കർത്താവുതന്നെ നമ്മുടെ അറിവിനായി പറഞ്ഞിട്ടുള്ളതാണ്. പത്രോസ് തലവനായിരിക്കുന്ന സഭയാണ് ക്രിസ്തു സ്ഥാപിച്ച സഭ. ആ സഭയാണ് ക്രിസ്തുവിന്റെ ശരീരമായ സഭ. ക്രിസ്തുവിന്റെ ആത്മാവ് അതിലിരുന്നു നടത്തുന്നതിനാലാണ് ആ സഭയെ ക്രിസ്തുവിന്റെ ശരീരമെന്നു പറയുന്നതു്. ക്രിസ്തുവിന്റെ ശരീരത്തോട് നാം ചേരുന്നതു് ക്രിസ്തു പത്രോസിന്മേൽ പണിത സഭയുടെ ഒരംഗമാകുന്നതിനാലാണ്. ഞാൻ ലോകാവസാനത്തോളം നിങ്ങളോടുകൂടെ ഉണ്ടായിരിക്കും എന്ന് കർത്താവ് തന്റെ സഭയോടു വാഗ്ദാനം ചെയ്തിട്ടുണ്ട്. പത്രോസിന്റെ പിൻഗാമിയാണ് മാർപാപ്പാ. അദ്ദേഹം ഭരിക്കുന്ന സഭയാണ് ക്രിസ്തു സ്ഥാപിച്ച സഭ. എന്നാൽ പലരും ഈ സഭയെ അവഗണിച്ച് വേറെ സഭകളിൽ ചേർന്നു നടക്കുന്നു. അങ്ങനെ ചെയ്യരുതെന്ന് കർത്താവ് വിലക്കിയിട്ടുമുണ്ട്. ക്രിസ്തു പറയുന്നു. "കള്ളപ്രവാചകന്മാരെ

സൂക്ഷിച്ചുകൊള്ളുവിൻ. അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരും. അവർ അകമെ ബുഭുക്ഷയുള്ള ചെന്നായ്ക്കളാകുന്നു (മത്താ: 7: 15-16) ആകയാൽ അങ്ങനെയുള്ള നവീന സഭകളെയും ഉപദേഷ്ടാക്കളെയും നാം വിടണം. ക്രിസ്തു സ്ഥാപിച്ച സഭയിൽ ചേർന്ന് അതിനെ അനുസരിച്ചു ജീവിക്കണം. അതാണ് സത്യക്രിസ്തീയ ജീവിതം. നമ്മുടെ പാപങ്ങളെക്കുറിച്ചു അനുതപിച്ച് ഏററു പറഞ്ഞു മോചനം വാങ്ങാൻ അവിടെ കുമ്പസാരമുണ്ട്. നമ്മുടെ കർത്താവിന് നമ്മിൽ എഴുന്നള്ളിവന്ന് നമ്മെ തന്റെ ശരീരത്തിൽ ചേർക്കുവാൻ അവിടെ വി. കുർബ്ബാനയുണ്ട്. വി. കുർബാനാനുഭവംമൂലം ദൈവത്തിന്റെ വലിയ കൃപാവരങ്ങൾ നമുക്കു ലഭിക്കാൻ മാർഗ്ഗമുണ്ട്. ഇതിനെല്ലാം നല്ലതു് കത്തോലിക്കാസഭയുടെ ഒരു അംഗമായി ചേർന്ന് അതിനെ അനുസരിച്ചുനിന്നു ജീവിയ്ക്കുകയാണ്. നിങ്ങൾ അങ്ങനെ ചെയ്യുമോ?

ഇതേപ്പററി കൂടുതലായി അറിയേണ്ടവർ താഴെ കാണുന്ന മേൽവിലാസത്തിലെഴുതുക.

Rt. Rev. Philipose Remban,
Archbishop's House,
Pattom, Trivandrum-4.

St. Mary's Press, Pattom. Trivandrum-4.